**(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)**

നം.കെ.എസ്.എ/കെ.കെ.ഡി/പി2/336/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ, കോഴിക്കോട് .20

ഫോൺ. 0495-2371012

E-mail: dokkd.ksad@kerala.gov.in

തീയതി:23.04.2020

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തിരുവമ്പാടി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

സർ

വിഷയം : കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെചട്ടം.18,1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടിഡയറക്ടർ

<u>പകർപ്പ്:</u>

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.കെ.ഡി/പി2/336/2020 തീയതി:23.04.2020

**കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ**

**2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവ്**

**കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യ പത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 31.03.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്തതും പരിശോധിക്കാത്തതുമായ വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

<table>
<tr><td>ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ</td><td colspan="2">ശ്രീ.എം.വാസുദേവൻ,<br>ഡെപ്യൂട്ടി ഡയറക്ടർ</td></tr>
<tr><td>ഓഡിറ്റ് നടത്തിയ തീയതി</td><td colspan="2">02.03.2020 മുതൽ 09.03.2020 വരെ</td></tr>
<tr><td rowspan="4">ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</td><td>ശ്രീ. എം.മനോഹരൻ</td><td>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)</td></tr>
<tr><td>ശ്രീ. ജെ.ധീരജ്</td><td rowspan="2">അസി. ഓഡിറ്റ് ഓഫീസർ</td></tr>
<tr><td>ശ്രീമതി.എ.കെ.ഷൈന</td></tr>
<tr><td>ശ്രീ.ഇ.കെ.ഷാജി</td><td>ഓഡിറ്റർ ട്രെയിനി</td></tr>
</table>

**(ബി)നിർവ്വഹണാധികാരികൾ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി.ടി അഗസ്റ്റിൻ | 01-04-2018മുതൽ<br>31-03-2019വരെ |
| സെക്രട്ടറി | ശ്രീ.എൻ.വി.ജോസഫ് | 01-04-2018 മുതൽ<br>31-3-2019വരെ |
| അസി.സെക്രട്ടറി | ശ്രീമതി.ദേവി കെ | 01-04-2018മുതൽ<br>31-03-2019വരെ |
| അസി.എഞ്ചിനീയർ | ശ്രീ.പ്രദീപ് കുമാർ.പി | 01-o4-2018മുതൽ<br>31-03-2019വരെ |
| കൃഷി ഓഫീസർ | ശ്രീമതി.രാജശ്രീ.പി | 01-04-2018മുതൽ<br>31-03-2019വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ.സിൽവിയ.വി. | 01-04-2018മുതൽ<br>31-03-2019വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.കെ.എം.ഗോകുലൻ | 01-04-2018മുതൽ<br>31-03-2019വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.അജിത് കുമാർ.എ.ജി. | 01-04-2018മുതൽ<br>31-03-2019വരെ |
| വെറ്റിനറി സർജൻ | ഡോ. സുഭാഷ് രാജ്.കെ | 01-04-2018മുതൽ<br>10-10-2018വരെ |
| | ഡോ.മുജീബുർ റഹ്മാൻ.പി.പി. | 11-10-2018 മുതൽ<br>31-03-2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. റെജിമോൾ | 01-04-2018 മുതൽ<br>06-06-2018 വരെ |

| | | |
|---|---|---|
| | ശ്രീ.എൻ.രമേശ് | 07-06-2018 മുതൽ<br>19-062018 വരെ |
| | ശ്രീമതി.പി.കെ.സുമില | 20-06-2018 മുതൽ<br>14-09-2018 വരെ |
| | ശ്രീമതി. റെജിമോൾ | 15-09-2018മുതൽ<br>31-03-2019വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി.മെഹറുന്നീസ | 01.04.2018 മുതൽ<br>31-05-2018 വരെ |
| | ശ്രീ.ഇ.മുഹമ്മദ് | 01-06-2018 മുതൽ<br>31-03-2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.അന്നക്കുട്ടി മാത്യു | 01-04-2018മുതൽ<br>31-05-2018വരെ |
| | ശ്രീമതി.പദ്മാവതി | 01-06-2018 മുതൽ<br>01.07-2018 വരെ |
| | ശ്രീമതി.ഫസ്‌ലി | 02-07-2018 മുതൽ<br>13-08-2018 വരെ |
| | ശ്രീമതി.ഫസ്ല പാറ | 14-08-2018 മുതൽ<br>31-03-2019 വരെ |
| വി.ഇ.ഒ -1 | ശ്രീ.എൻ.പി.സബീഷ് | 1-04-2018 മുതൽ<br>31-03-2019 വരെ |
| വി.ഇ.ഒ -2 | റുബീന ജലീൽ | 13-09-2018 മുതൽ<br>31-03-2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | ഫണ്ട് വിനിയോഗം | 1-2 |
| 3 | പദ്ധതി അവലോകനം | 1-3 |
| 4 | ക്യാഷ് പരിശോധന | 1-4 |
| 5 | ആഭ്യന്തരനിയന്ത്രണം | 1-5 |
| 6 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-6 |
| 7 | തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യതപ്പെട്ടവരെല്ലാം നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പുവരുത്തുന്നില്ല | 1-7 |
| 8 | ഷോപ്പിംഗ് കോംപ്ലക്സ് വാടക-ബൈലോ തയ്യാറാക്കിയില്ല | 1-8 |
| 9 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകതകൾ | 1-9 |
| 10 | പാമ്പിഴഞ്ഞ പാറ അങ്കണവാടി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ പദ്ധതി - ടെണ്ടർ ബിലോ കുറവു ചെയ്യാതെ കരാറുകാരന് തുക അനുവദിച്ചു | 1-10 |
| 11 | അങ്കണവാടി വർക്കർ ഹോണറേറിയം - അധികം നൽകി | 1-11 |
| 12 | എൽ.പി.സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകൽ - അധിക തുക അനുവദിച്ചു | 1-12 |

| | | |
|---|---|---|
| 13 | കരാർ വയ്ക്കുന്നതിന് കാലതാമസം - കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല | 1-13 |
| 14 | ക്ലീൻ തിരുവമ്പാടി ഗാർഹിക മാലിന്യ സംസ്കരണ പദ്ധതി - ഗുണഭോക്തൃ വിഹിതം ഈടാക്കിയതിൽ കുറവ് | 1-14 |
| 15 | കരാർ പ്രകാരം പ്രവർത്തി പൂർത്തിയാക്കാത്തതിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല. | 1-15 |
| 16 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - സംയുക്ത പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല. | 1-16 |
| 17 | കായിക പരിശീലനത്തിന് ധനസഹായം അനുവദിക്കൽ : പദ്ധതി നടത്തിപ്പിലെ അപാകത | 1-17 |
| 18 | പട്ടിക ജാതി വിദ്യാർഥികൾക്ക് പഠനമുറി പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-18 |
| 19 | പെയിൻ ആന്റ് പാലിയേറ്റീവ് ഹോംകെയർ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല- മേൽ നോട്ട സംവിധാനം അപര്യാപ്തം | 1-19 |
| 20 | തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് നൽകി പ്രവൃത്തി നടത്തുന്നു | 1-20 |
| 21 | ക്ഷീര ഗ്രാമം പദ്ധതി നടത്തിപ്പ് - മാർഗ്ഗരേഖ പാലിച്ചില്ല. | 1-21 |
| 22 | വാഴകന്ന് വിതരണം-പദ്ധതി നടപ്പാക്കിയതിൽ ന്യൂനതകൾ | 1-22 |
| 23 | പാലിയേറ്റീവ് പരിചരണം-സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച | 1-23 |
| 24 | ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന വാങ്ങൽ - മരുന്ന ലഭ്യമാക്കുന്നതിൽ കാലതാമസം | 124 |
| 25 | സംയുക്ത പ്രൊജക്ടുകളുടെ നിർവ്വഹണം - മാർഗ്ഗ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച | 1-25 |

| | | |
|---|---|---|
| | | |
| 26 | ഭവനനിർമ്മാണ പദ്ധതികൾ നടപ്പിലാക്കിയതിലെ അപാകതകൾ | 1-26 |
| 27 | ലക്ഷ്യം കൈവരിയ്ക്കാത്ത പദ്ധതികൾ | 1-27 |
| 28 | ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും - വിശദാംശങ്ങളില്ല. | 1-28 |
| 29 | പൊതു മരാമത്ത് പ്രവർത്തികൾ- നടത്തിപ്പിലെ അപാകതകൾ | 1-29 |
| 30 | ശമ്പളപരിഷ്കരണ കുടിശ്ശികക്കാനുപാതികമായുള്ള പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല. | 1-30 |
| 31 | ഡിപ്പോസിറ്റ് പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തൽ അനിവാര്യം | 1-31 |
| 32 | കാർഷിക പദ്ധതികളുടെ നിർവ്വഹണത്തിലെ ന്യൂനതകൾ സംബന്ധിച്ച് | 1-32 |
| 33 | സ്റ്റോക്ക് രജിസ്റ്ററുകൾ പരിപാലിക്കുന്നതിൽ ന്യൂനതകൾ | 1-33 |
| 34 | ഗ്രാമ പഞ്ചായത്തിലെ ജനറേറ്റർ ഉപയോഗിക്കാത്തത് സംബന്ധിച്ച്. | 1-34 |
| 35 | ക്ലീൻ തിരുവമ്പാടി- മാലിന്യസംസ്കരണപദ്ധതി | 1-35 |
| | **ഭാഗം – 2**<br>**വരവ് – വ്യക്തമായ നഷ്ടം പ്രദിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം – 3**<br>**ചെലവ് – വ്യക്തമായ നഷ്ടം പ്രദിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 36 | പാമ്പിഴഞ്ഞ പാറ അങ്കണവാടി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ പദ്ധതി - ടെണ്ടർ കുറവ് ഈടാക്കാതെ കരാറുകാരന് തുക അനുവദിച്ചു | 3-1 |

| | | |
|---|---|---|
| 37 | അങ്കണവാടി വർക്കർ ഓണറേറിയം - അധികം നൽകി | 3-2 |
| 38 | എൽ.പി.സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകൽ - അധിക തുക അനുവദിച്ചു | 3-3 |
| 39 | കരാർ വയ്ക്കുന്നതിന് കാലതാമസം - കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല | 3-4 |
| 40 | ക്ലീൻ തിരുവമ്പാടി ഗാർഹിക മാലിന്യ സംസ്കരണ പദ്ധതി - ഗുണഭോക്തൃ വിഹിതം ഈടാക്കിയതിൽ കുറവ് | 3-5 |
| 41 | കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കാത്തതിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല. | 3-6 |
| | **ഭാഗം – 4**<br>**പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 42 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 43 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 44 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 45 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 46 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 47 | സ്ഥിര നിക്ഷേപം | 4-6 |
| 48 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 49 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 50 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 51 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 52 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 53 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം - 1 |


## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

# 1-1 ബജറ്റ്

21.03.2018 തീയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 23.02.2019 തീയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതായിരുന്നു.

സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15നു മുമ്പായി സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേററും നിർദ്ദേശങ്ങളും പരിഗണിച്ച് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിററികൾ തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററിക്ക് നൽകേണ്ടതുമാണ് [സെക്ഷൻ 214 (1)]. എന്നാൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥന്മാരിൽ നിന്നും ബജറ്റ് നിർദ്ദേശങ്ങൾ ലഭ്യമാകുന്നത് ഫെബ്രുവരിയിലാണ്. 19.2.2018 നാണ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥൻമാരിൽ നിന്നും ലഭിച്ച ബജറ്റ് നിർദ്ദേശങ്ങളിന്മേൽ ചർച്ച നടത്തുന്നത്. നിയമപ്രകാരമുള്ള സമയക്രമം പാലിക്കുന്നതിലെ വീഴ്ച ഒഴിവാക്കേണ്ടതാണ്.

# 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 22383165 | 22383165 | 20168367 | 2214798 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 4258000 | 4258000 | 3976288 | 281712 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 811000 | 811000 | 697325 | 113675 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 13819000 | 13819000 | 9877488 | 3941512 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4901000 | 4901000 | 2755619 | 2145381 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 12623392 | 12623392 | 10054243 | 2569149 |
| നീക്കിയിരിപ്പ് തുകകൾ 31.03.2019 ന് ലാപ്സായി | | | | | | |
| ദുരിതാശ്വാസനിധി | | 878136 | 34573 | 912709 | 300000 | 612709 |
| എം.ജി.എൻ. ആർ.എസ് | തൊഴിലാളികളുടെ കൂലി | 0 | 18928520 | 18928520 | 18928520 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 30796 | 964401 | 995197 | 963495 | 31702 |
| **കേന്ദ്രാവിഷ്കൃത ഫണ്ടുകൾ** അങ്കണവാടി പോഷകാഹാരം | | 1072543 | 553927 | 1626470 | 470893 | 1155577 |

| | | | | | | |
|---|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം | | 1437900 | 0 | 1437900 | 1265567 | 172333 |
| എം.പി.ഫണ്ട് | | 153453 | 5443 | 158896 | 0 | 158896 |
| **സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ** പൈക്ക | | 35211 | 1249 | 36460 | 0 | 36460 |
| പശ്ചിമഘട്ട വികസനം | | 951 | 32 | 983 | 83 | 900 |
| വിമുക്തി | | 12500 | 25000 | 37500 | - | 37500 |
| ശുചിത്വമിഷൻ | | 900000 | 446886 | 1346886 | 0 | 1346886 |
| കോർപസ് ഫണ്ട് (ഓലിക്കൽ സാംസ്കാരിക നിലയം നിർമ്മാണം) | | 7253 | 0 | 7253 | 0 | 7253 |
| മുണ്ടുപാടം ഭഗവതികാവ് പുനരുദ്ധാരണ ഫണ്ട് | | 225000 | 0 | 225000 | 38199 | 186801 |
| മഴക്കാല പൂർവ്വ ശുചീകരണ ഫണ്ട് | | 156790 | 1170000 | 1326790 | 77843 | 1248947 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 1000000 | 4757782 | 5757782 | 4429774 | 1328008 |
| | ജില്ലാ പഞ്ചായത്ത് | 5100 | 2439739 | 2444839 | 2377277 | 67562 |
| ബി ഫണ്ട് | | 0 | 42928760 | 42928760 | 42928760 | 0 |
| ജനറൽപർപ്പസ്ഗ്രാന്റ് (ടി.എസ്.ബി.അക്കൗണ്ട്) | | 13582258 | 10829440 | 24411698 | 11365976 | 13045722 |

| | | | | | | |
|---|---|---|---|---|---|---|
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 3661231 | 10396439 | 14057670 | 8776156 | 5281514 |
| മറ്റിനം ഗുണഭോക്തൃ വിഹിതം | | 0 | 966627 | 966627 | 966627 | 0 |

# 1-3 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 234 | 132336347 | 148 | 64279448 | 11 | 75 | 63 |

ഡി.പി.സി. അഗീകാരം ലഭിച്ച 234 പ്രൊജക്റ്റുകളിൽ 159 എണ്ണം ഓഡിററു വർഷം നടപ്പാക്കിയിട്ടുണ്ട്. 57 സ്പിൽ ഓവർ പ്രൊജക്റ്റുകളിൽ 8 എണ്ണം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ആകെ പദ്ധതി അടങ്കലായി 132,336,347/- രൂപ വകയിരുത്തിയതിൽ 64,279,448/- രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 3,903,992/- രൂപ തനതു ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്. വാർഷിക പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി രണ്ടോ മൂന്നോ യോഗങ്ങൾ ചേർന്നതല്ലാതെ മിക്ക വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതി നിർവ്വഹണ ഘട്ടത്തിൽ മോണിട്ടറിംഗ് നടത്തിയിട്ടില്ലെന്നത് പദ്ധതി നിർവ്വഹണത്തിലെ പോരായ്മയാണ്.

ഡി.പി.സി.അംഗീകാരം ലഭിച്ച 143 മരാമത്തു പ്രൊജക്റ്റുകളിൽ 88 പ്രവൃത്തികളാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. പല ഫണ്ടുകളിൽ നിന്നായി പൊതുമരാമത്ത് പ്രോജക്റ്റുകൾക്ക് ആകെ 45,583,400/- രൂപ വകയിരുത്തിയതിൽ 24,925,085/- രൂപയാണ് 2018-19 വർഷത്തിൽ ചെലവഴിച്ചത്. അതായത് വകയിരുത്തിയതിൽ 55 ശതമാനം തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. മിനുട്സ് ബുക്ക് പരിശോധിച്ചതിൽ മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം വേണ്ടത്ര കാര്യക്ഷമമല്ലെന്നു കാണുന്നു. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ അവലോകനം ചെയ്യുകയോ നിർവ്വഹണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തതായി കാണുന്നില്ല. ഇത് പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

മാലിന്യസംസ്കരണ കേന്ദ്രം, ഗ്യാസ് ക്രിമിറ്റോറിയം, പൊതു ശ്മശാനം എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല (ഖണ്ഡിക 1-27 കാണുക). കരാർ വെയ്ക്കാൻ കാലതാമസം വരുത്തിയ കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ

ഈടാക്കാതെ പ്രവൃത്തി ഏൽപിച്ച് നൽകിയത് ക്രമ പ്രകാരമല്ല (ഖണ്ഡിക 1-13 കാണുക).

ഉൽപാദനമേഖലയിൽ ഒട്ടു മിക്ക പ്രൊജക്ടുകളും നടപ്പിലാക്കിയിട്ടുണ്ട്. കാർഷിക മേഖലയിൽ, വാർഷിക പദ്ധതി പ്രയോജനപ്പെടുത്തി ഹരിതമിഷൻ വിഭാവനം ചെയ്യുന്ന തരത്തിലുള്ള ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ഓരോ വീടും ഹരിത ഭവനമായി കണ്ട് വിവിധ പ്രവർത്തനങ്ങൾ കൃഷിയോടൊപ്പം ഏകോപിപ്പിച്ച് നടത്തുന്നതിനായി "ഹരിത കേരളം-ഹരിതഭവനം" പദ്ധതി വിഭാവനം ചെയ്തെങ്കിലും പദ്ധതി നടപ്പാക്കിയില്ല. സാധാരണയായി തയ്യാറാക്കി നടപ്പാക്കി വരുന്ന വിത്ത്/തൈ/വളം സബ്സിഡി വിതരണ പ്രോജക്ടുകൾ അതേ രീതിയിൽ തന്നെ നടപ്പാക്കുകയാണ് ഈ വർഷവും ചെയ്തിട്ടുള്ളത് .

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകുന്ന പദ്ധതിയിൽ ഗുണഭോക്താക്കൾ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. ക്ലീൻ തിരുവമ്പാടി ഗാർഹിക മാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയ റിങ്ങ് കമ്പോസ്റ്റ് വിതരണ പദ്ധതിയിൽ ഗുണഭോക്തൃ വിഹിതം ഈടാക്കിയതിൽ കുറവു വന്നിട്ടുണ്ട് (ഖണ്ഡിക 1-14 കാണുക)

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിൽ മികച്ച രീതിയിൽ നടപ്പാക്കിയിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട വിവിധ കമ്മിറ്റികളുടെ പ്രവർത്തനത്തിൽ സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കപ്പെടുന്നില്ല. (ഖണ്ഡിക 1-23 കാണുക). പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പരിചരണത്തിനായി മരുന്ന വാങ്ങുന്നതിന് കെ.എം.എസ്.സി.ക്ക് തുക അനുവദിച്ച് ഒന്നര വർഷത്തോളമായിട്ടും മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല (ഖണ്ഡിക 1-19 കാണുക)

ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൻ കീഴിൽ ചില ഗുണഭോക്താക്കൾ ഇനിയും നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം പൂർണ്ണമായും ലഭിക്കാഞ്ഞതിനാൽ അർഹമായ ആനുകൂല്യം മുഴുവനായി നൽകാൻ സാധിക്കാഞ്ഞത് പദ്ധതി നിർവ്വഹണത്തിലെ പോരായ്മയാണ്.

# 1-4 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.03.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 42625/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-5 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

1. മാന്വൽ രശീതികളും സാംഖ്യ രശീതികളും കൈകാര്യം ചെയ്യുന്നതിൽ ഉത്തരവാദപ്പെട്ടവർ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. ക്യാൻസൽ ചെയ്ത രശീതികളിൽ ക്യാൻസൽ ചെയ്യാനുണ്ടായ

കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

2. ഗ്രാമപഞ്ചായത്തിലെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. കൂടാതെ വസ്തുനികുതി സംബന്ധിച്ച് 100% പിരിവ് ഉറപ്പുവരുത്തുന്നതിന് ഇടപെടലുകൾ നടത്തിയിട്ടുമുണ്ട്. എന്നാൽ തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് തുടങ്ങിയ വരവിനങ്ങളുടെ കാര്യത്തിൽ വേണ്ടത്ര വിലയിരുത്തലുകൾ നടത്തി ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളെയും ഡിമാന്റിൽ ഉൾപ്പെടുത്തുന്നതിന് കമ്മിറ്റി ശ്രമം നടത്തിയിട്ടില്ല. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നുംതന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.

3. വിവിധ പ്രവൃത്തികൾക്കായി നിർവ്വഹണ ഏജൻസികൾക്ക് തുക ഡിപ്പോസിററ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തി പുരോഗതി വിലയിരുത്തുന്നതിനോ, ഡിപ്പോസിറ്റ് വർക്കുകളുടെ വിശദാംശം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനോ നടപടി സ്വീകരിച്ചിട്ടില്ല.

4. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ചു കാണുന്നു. വാങ്ങലുകൾ നടത്തുന്നതിനായി കമ്മിററി നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്.

5. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, ഭരണസമിതി യോഗങ്ങളിലെടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കിയതു സംബന്ധിച്ച് പുനരവലോകനം അടുത്ത യോഗങ്ങളിൽ നടക്കുന്നില്ല. ഉദാഹരണമായി, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന എല്ലാ വ്യാപാര സ്ഥാപനങ്ങളെയും ലൈസൻസ് എടുപ്പിക്കുന്നതിനും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനും വാർഡ് ചുമതലയുള്ള ക്ലാർക്കുമാർക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി 8.10.2018ലെ യോഗത്തിൽ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ആയതിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം പിന്നീടുള്ള യോഗത്തിൽ അവലോകനം ചെയ്യുന്നില്ല.

6. 3.3.2018 ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗത്തിൽ അജണ്ട 2 ആയി 2018-19 ലെ കരട് ബജറ്റ് ചർച്ച ചെയ്ത് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ മിനുട്സ് പരിശോധിച്ചതിൽ ബജറ്റിന്റെ വിശദാംശം (മുൻബാക്കി, പ്രതീക്ഷിത വരവ്, ചെലവ്, നീക്കിയിരിപ്പ്) എന്നിവയൊന്നും തന്നെ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

7. ഹോമിയോ ഡിസ്പെൻസറി, പാലിയേറ്റീവ് കെയർ എന്നിവിടങ്ങളിലേക്ക് മരുന്നു ലഭ്യമാക്കുന്നതിന് മുൻകൂർ തുക നൽകിയിരുന്നുവെങ്കിലും മരുന്നു ലഭിക്കാൻ കാലതാമസം നേരിട്ടു. കാലതാമസം വരുത്തിയിട്ടും മരുന്നുകൾ ലഭ്യമാക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിററി, എന്നിവരുടെ ഭാഗത്തു നിന്നും യാതൊരു ഇടപെടലും ഉണ്ടായിട്ടില്ല

8. നികുതികൾ, നികുതിയേതിര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാനനഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്.

മേൽ അപാകതകൾ പരഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ/നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഓഫീസ് ഉത്തരവ് മുഖേന ഫീൽഡ് സ്റ്റാഫിനെ ഏല്പിക്കേണ്ടതും, റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് സ്വീകരിക്കാവുന്നതുമാണ്.

എഫ്) സ്റ്റാന്റിംഗ് കമ്മിറ്റികൾ അവയിൽ നിക്ഷിപ്തമായ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ജി) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

# 1-6 വാർഷിക കണക്കുകളിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ ചുവടെ ചേർത്ത അപാകതകൾ പരിഹരിക്കാൻ അവശേഷിക്കുന്നു.

1. വികസന ഫണ്ട് എസ്.സി.പി. ഫിനാൻഷ്യൽ കമ്മീഷൻ ഗ്രാന്റ്, റോഡ് മെയിന്റനൻസ് എന്നീയിനത്തിൽ വാർഷിക കണക്കിലെ വരവ് ചെലവ് തുകകളും എ.സി.ആർ പ്രകാരമുള്ള തുകകളും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ

| തുക | വാർഷിക കണക്ക് പ്രകാരം | എ.സി.ആർ പ്രകാരം |
|---|---|---|
| വികസന ഫണ്ട് എസ്.സി.പി. | 3976288 | 4157792 |
| ഫിനാൻഷ്യൽ കമ്മീഷൻ ഗ്രാന്റ് | 10054243 | 10278141 |
| റോഡ് മെയിന്റനൻസ് | 9877488 | 10561347 |

2. വസ്തു നികുതി കുടിശ്ശിക ഡിമാന്റ് വാർഷിക കണക്കിലെയും സഞ്ചയ ഡിമാന്റ് റജിസ്റ്ററിലെയും തുകകൾ പൊരുത്തപ്പെടുന്നില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കുടിശ്ശിക ഡിമാന്റ് | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പ്രകാരം |
|---|---|---|
| വസ്തു നികുതി റസിഡൻഷ്യൽ | 172539 | 1854475 |

| | | |
|---|---|---|
| വസ്തുനികുതി<br>നോൺ റസിഡൻഷ്യൽ | 222224 | 2915110 |

3. പോഷകാഹാര വിതരണത്തിനായി ലഭിച്ചിട്ടുള്ള കേന്ദ്ര ഫണ്ട് 11,55,577/- രൂപ അക്കൗണ്ടിൽ നീക്കിയിരിപ്പ് ഉണ്ട്. തൻവർഷം 4,70,775/- രൂപ മാത്രമാണ് കേന്ദ്ര ഫണ്ട് വിനിയോഗിച്ചിട്ടുള്ളത് മുഴുവൻ തുകയും വികസന ഫണ്ടിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്.

4. തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ പരിശോധിക്കുന്നതിന് റജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

5. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വരവ് തുക 2,43,177 രൂപയും വാർഷിക കണക്കിൽ ഡെപ്പോസിറ്റ് ഇനത്തിലെ വരവ് തുകകൾ ആർ.പി. 34 പ്രകാരം 4,92,677 രൂപയുമാ ണ് അതേ പോലെ ചെലവു തുകയും ഡെപ്പോസിറ്റ് രജിസ്റ്ററിൽ 3,25,913 രൂപയും വാർഷിക കണക്കിൽ 91,000 രൂപയുമാണ്.

6. എസ്.ബി.ഐ തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി പണമാക്കാത്തതുമായ 3,77,169 നമ്പറിലുള്ള ചെക്ക് തുക 432 രൂപ 'liability in respect of stale cheque' എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

7. സംയുക്ത പ്രൊജക്റ്റുകളുടെ നടത്തിപ്പിനായി തൻവർഷം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുള്ള 14,68,008/-രൂപയും ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുള്ള 92,562/- രൂപയും ചെലവഴിക്കാതെ B-4 സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പുണ്ട്. ജില്ല, ബ്ലോക്ക് പഞ്ചായത്തുകൾ തൻവർഷം ചെലവായി കാണിച്ചിട്ടുള്ള മേൽപറഞ്ഞ തുകകൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ളത് ശരിയായ നടപടിയല്ല.

8. 2017-18 വർഷത്തെ വാർഷിക കണക്കിൽ തൊഴിൽ നികുതിയിനത്തിൽ കുടിശ്ശികയില്ല. എന്നാൽ 2018-19 വർഷത്തിൽ അരിയർ തൊഴിൽ നികുതിയായി 44,600 രൂപ പിരിച്ചെടുത്തിട്ടുണ്ട്.

9. എംപ്ലോയീസ് തൊഴിൽ നികുതിവരവ് വാർഷിക കണക്ക് പ്രകാരം 19,51,420 രൂപയാണ് എന്നാൽ ഡിമാന്റ് റജിസ്റ്റർ പ്രകാരം 19,90,670 രൂപ പിരിച്ചെടുത്തിട്ടുണ്ട്.

10. ആസ്തി രജിസ്റ്റർ പൂർണ്ണമല്ല.

11. ലോൺ റജിസ്റ്റർ എഴതിയിട്ടില്ല

12. ഇ-പേ പ്രകാരം പിരിച്ചെടുക്കുന്ന നികുതി തുക സഞ്ചയ പ്രകാരം പഞ്ചായത്തിൽ ക്രെഡിറ്റിൽ വരുന്നുണ്ടെങ്കിലും ബാങ്കിൽ ക്രെഡിറ്റ് ചെയ്യുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ട്. 3/2019 ൽ വരവു വന്ന നികുതി തുക 10,516 രൂപ 31.03.2019 -ൽ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല. ഐ.കെ.എം ന്റെ സെർവറിൽ നിന്ന് ബാങ്ക് അക്കൗണ്ടിൽ തുക ക്രെഡിറ്റ് ചെയ്യുന്നതിൽ വന്ന കാലതാമസം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

13. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.
മേൽ അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7 തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യതപ്പെട്ടവരെല്ലാം നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പുവരുത്തുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാന മാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. രജിസ്റ്ററുകളുടെ പരിപാലനത്തിലെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടി ക്രമങ്ങളിലെയും വീഴ്ചകൾ ഇത് വ്യക്തമാക്കുന്നു. നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടി ക്രമങ്ങൾ കേരള പഞ്ചായത്ത്‌രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നൽകേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (നിയമം 205 ബി, ചട്ടം13 എന്നിവ കാണുക)

2. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്

3. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 2ൽ സൂചിപ്പിച്ച ഫോറം 2ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, തൊഴിൽദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല. ഇതിന്റെ ഫലമായി താഴെ പറയുന്ന പൊരുത്തക്കേടുകൾ തൊഴിൽ നികുതിയുടെ കാര്യത്തിൽ നിലനിൽക്കുന്നു.

എ) സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം 2677 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. ഇതിൽ 311 കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. അതായത് 2366 കെട്ടിടങ്ങൾ നിലവിൽ ഉപയോഗിക്കാവുന്നവയാണെന്ന് കാണാം. എന്നാൽ ട്രേഡ്സിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 616 ഡിമാന്റുകളിൽ നിന്നുമാത്രമാണ് നികുതി ഈടാക്കിയിരിക്കുന്നത്. ഓഡിറ്റ് വർഷത്തിൽ ആകെ 616 ലൈസൻസുകൾ അനുവദിക്കപ്പെട്ട സ്ഥാപനങ്ങൾ 781 കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് സ്ഥാപനം വ്യക്തമാക്കിയിട്ടുണ്ട്. അതായത് അവശേഷിക്കുന്ന 1585 കെട്ടിടങ്ങളിൽ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും അവയിലെ തൊഴിലാളികളിൽ നിന്നും നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല എന്നത് അപാകതയാണ്.

ബി) ക്രമ നം 1 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ട്, കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടു. ഗ്രാമപഞ്ചായത്തിലെ കെട്ടിട ഉടമകൾ ആരും തന്നെ നാളിതുവരെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെട്ടിട്ടില്ലെന്ന വസ്തുത നികുതി വരുമാനത്തിന്റെ കാര്യത്തിൽ സ്ഥാപനത്തിന്റെ ജാഗ്രതക്കുറവ് വ്യക്തമാക്കുന്നു. വേക്കൻസി റമിഷൻ കഴിഞ്ഞ് 2366 കെട്ടിടങ്ങൾ ഉണ്ടെന്നുള്ളതിനാൽ പരാമവധി അത്രയും ഡിമാന്റുകൾ കൂടി തൊഴിൽ നികുതിയുടെ കാര്യത്തിൽ ഉണ്ടാകാനിടയുണ്ട്.

സി) വിവിധ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് ലൈസൻസ് നല്കുമ്പോൾ ഈടാക്കുന്ന നികുതി സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ മാത്രമാണെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. അതായത് ലൈസൻസ് അനുവദിക്കപ്പെട്ട 616 സ്ഥാപനങ്ങളിൽ നിന്നും അവയുടെ വിറ്റുവരവ് അടിസ്ഥാനപ്പെടുത്തി സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഡി) ടെയിഡേഴ്സിന്റെ കാര്യത്തിൽ, പിരിച്ചെടുത്ത നികുതി പോലും ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടി ക്രമങ്ങളിലൂടെയല്ല നികുതി കണക്കാക്കി ഈടാക്കിയത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാന ചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ് .

ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ അവയിൽ പ്രസ്താവിച്ച ജീവനക്കാരുടെ എണ്ണം പ്രകാരമുള്ള തൊഴിൽ നികുതി റിട്ടേൺ ഉടമകൾ സമർപ്പിച്ചതായോ 1994-ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി നിയമം 205 ബി, 1996-ലെ തൊഴിൽ നികുതി ചട്ടം 13 എന്നിവ പ്രകാരമുള്ള നികുതി ഈടാക്കേണ്ട ജീവനക്കാരുടെ ലിസ്റ്റ് സമർപ്പിക്കാൻ ഉടമസ്ഥനോടോ കൈവശക്കാരനോടോ ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടതായോ കാണുന്നില്ല. എതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വാർഡ് നം | സ്ഥാപനം/വ്യാപാരികളുടെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 14/310, 311,312 | എം.സേവ്യർ | 3 |
| 2 | 14/1391,1392 | സണ്ണി ജോർജ്ജ് | 6 |
| 3 | 15/286എ | ബാബുരാജ്.സി | 6 |
| 4 | 16/326 | എലിസത്ത് | 2 |
| 5 | 14/193 | നിതിൻജോയ് | 2 |

നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച എല്ലാ കെട്ടിട ഉടമകളെയും, പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിക്കുകയും നിലവിൽ വാടകയ്ക്ക് നല്കുകയും ചെയ്യുന്ന കെട്ടിട ഉടമകളെയും നികുതി പരിധിയിൽ കൊണ്ടുവന്ന് ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും വരുമാനം സംബന്ധിച്ച് ചട്ടപ്രകാരമുള്ള ഫോറത്തിൽ റിട്ടേൺ വാങ്ങി നികുതി ഈടാക്കേണ്ടതുമാണ്. റിട്ടേൺ പ്രകാരം കാണിക്കുന്ന വരുമാനത്തിന്റെ കൃത്യത ആവശ്യമെങ്കിൽ ലൈസൻസ് അപേക്ഷയ്ക്കൊപ്പം (ലൈസൻസ് നല്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ) ലഭ്യമാക്കുന്ന കരാറിലെ വാടക സംബന്ധിച്ച വിവരവുമായി ഒത്തുനോക്കി ഉറപ്പാക്കാവുന്നതാണ്.

2. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ അർദ്ധവർഷത്തിന്റെ തുടക്കത്തിൽ നോട്ടീസ് നൽകേണ്ടതും, ഇത് ലഭിക്കുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്. നിലവിൽ ഉപയോഗിക്കുന്നില്ലെന്ന് അറിയിക്കുന്ന

കെട്ടിടങ്ങളുടെ കാര്യത്തിൽ എല്ലാ അർദ്ധ വർഷത്തിന്റെയും തുടക്കത്തിൽ ഈ പ്രക്രിയ തുടരേണ്ടതാണ്. മേൽ നടപടിക്രമങ്ങൾക്ക് നിശ്ചിത ഫോറങ്ങൾ തൊഴിൽ നികുതി ചട്ടങ്ങളിലില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതും, അതുവരെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ഫോറം ഒന്നും, രണ്ടും ആവശ്യമായ മാറ്റങ്ങളോടെ സ്വീകരിച്ച് ഉപയോഗപ്പെടുത്താവുന്നതുമാണ്.

3. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ നോട്ടീസ് നൽകേണ്ടതാണ്. വിവരം ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

4. ട്രെയിഡേഴ്സിന്റെ കാര്യത്തിൽ സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങി നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതാണ്.

5. മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥനും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതാണ്.

# 1-8 ഷോപ്പിംഗ് കോംപ്ളക്സ് വാടക-ബൈലോ തയ്യാറാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ വാടക രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 11 മുറികൾ (റൂം നമ്പർ 1മുതൽ 7 വരേയും 3/1050, 3/1050 എ, 3/1050സി, 3/1050ഇ എന്നീ മുറികൾ) വാടകയ്ക്ക് നൽകിയിട്ടുണ്ട്.

1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ പ്രകാരം കെട്ടിടം വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് ബൈലോ തയ്യാറാക്കിയതായി കാണുന്നില്ല. ആയതിനാൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കാതെയാണ് കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയിരിക്കുന്നത്. 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ ചട്ടം.3 പ്രകാരം കെട്ടിടം വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് ബൈലോ തയ്യാറാക്കി പാസ്സാക്കിയതിനു ശേഷം സർക്കാരിലേക്കോ സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുമ്പാകെയോ അംഗീകാരത്തിനായി അയയ്ക്കേണ്ടതാണ്. അംഗീകരിച്ച ബൈലോ പ്രകാരവും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയുമാണ് കെട്ടിടം വാടകയ്ക്ക് നൽകേണ്ടത്. മേൽ അപാകതകൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-9 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകതകൾ

1)മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് ഫീസ് ഈടാക്കുന്നില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള

പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ഫീസ് ചുമത്താവുന്നതാണ്. 2018-19 സാമ്പത്തിക വർഷത്തിൽ 616 അപേക്ഷകരിൽ നിന്നായി 196625/- രൂപ ലൈസൻസ് ഫീസ് ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും, ഏത് മാനദണ്ഡപ്രകാരമാണ് ഫീസ് ഈടാക്കിയത് എന്ന് വ്യക്തമല്ല. അപേക്ഷയിലോ അനുബന്ധ രേഖകളിലോ പരിശോധന റിപ്പോർട്ടിലോ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല.

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തു വകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസൃതമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 2677 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2018-19 സാമ്പത്തിക വർഷത്തിൽ 616 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ധാരാളം സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി കെട്ടിടങ്ങൾ ഉപയോഗിക്കാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. ഇക്കാര്യം പഞ്ചായത്ത് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്നു എന്നതിലുപരി ജനങ്ങളുടെ ജീവനും സ്വത്തിനും, ആരോഗ്യത്തിനും ഹാനികരമാകും വിധം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തത് ഗ്രാമപഞ്ചായത്തിന്റെ പോരായ്മയായി വിലയിരുത്തുന്നു. ധനകാര്യ സ്റ്റാന്റിങ് കമ്മറ്റി ഇക്കാര്യം അടിയന്തിരമായി പരിശോധിച്ച്, പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്ന് ഉറപ്പ് വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**2)മുഴുവൻ ട്രേഡേഴ്സിനേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല**

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ അടങ്ങിയ വാർഡ്തിരിച്ചുള്ള ഒരു ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്തിൽ നിലനിന്നു പോരുന്നത്.

പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം ഫാക്ടറികൾക്കും കച്ചവട സ്ഥാപനങ്ങൾക്കും സംരംഭങ്ങൾക്കും മറ്റു സേവനങ്ങൾക്കും ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നല്കുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232).

സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസത്തിനുള്ളിൽ ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പ് ലൈസൻസിന് അപേക്ഷിക്കേണ്ടതുമുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

അപേക്ഷയിൽ, അപേക്ഷ നല്കുന്ന തീയതി, ലൈസൻസ് എന്താവശ്യത്തിനാണ് എന്നത്, തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥാപനത്തിന് പ്രത്യേക പേര് ഉണ്ടെങ്കിൽ അത്, കെട്ടിട നമ്പർ, ലൈസൻസ് പുതുക്കുവാനാണെങ്കിൽ മുൻ വർഷത്തെ ലൈസൻസ് നമ്പരും പേരും, കൂടാതെ ഒരു ദിവസത്തെ വിറ്റുവരവും, യന്ത്രമുപയോഗിച്ചാണെങ്കിൽ കുതിരശക്തിയുടെ അളവ്, സ്ഥാപനത്തിന്റെ പേര് എന്നിവ രേഖപ്പെടുത്തി എന്നും, മലിനീകരണ നിയന്ത്രണ ബോർഡോ വ്യവസായ വകുപ്പോ നൽകുന്ന സാക്ഷ്യപത്രം/ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്. ജി.ഒ (ആർ.ടി)795/2007/ത.സ്വ.ഭ.വ (16.03.2007) പ്രകാരമുള്ള പ്ലാസ്റ്റിക് നിരോധന-സ്ഥല നാമ സാക്ഷ്യപത്രം ചേർക്കേണ്ടതുമാണ്. ഓഡിറ്റ് പരിശോധിച്ച ലൈസൻസ് അപേക്ഷകളിലൊന്നും തന്നെ മേൽ പരാമർശിച്ച പ്രകാരമുള്ള സാക്ഷ്യപത്രങ്ങളൊന്നും ഉൾപ്പെടുത്തിയതായി കാണുന്നില്ല എന്നു മാത്രമല്ല ഇവയൊന്നുമില്ലാതെ തന്നെ അപേക്ഷിച്ച എല്ലാവർക്കും ലൈസൻസ് അനുവദിച്ചിട്ടുമുണ്ട്.

3)സ്ഥല പരിശോധന നടത്തി തയ്യാറാക്കിയ അന്വേഷണ റിപ്പോർട്ട് പൂർണ്ണമല്ല

ലൈസൻസ് പുതുക്കി നല്കുമ്പോൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സ്ഥല പരിശോധന നടത്തേണ്ടതും അന്വേഷണ റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സ്ഥല പരിശോധന നടത്തി ലൈസൻസ് പുതുക്കി കൊടുക്കുമ്പോൾ വിറ്റുവരവ് വർദ്ധിച്ചിട്ടുണ്ടോ എന്നും അതു പോലെ അനധികൃതമായി ഒന്നും വില്പന നടത്തുന്നില്ല എന്നും, അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണെന്നും ഉറപ്പുവരുത്താൻ സാധിക്കുന്നു. മാത്രമല്ല പഞ്ചായത്തിന്റെ ഇടപെടൽ ഈ രംഗത്ത് ഉണ്ടെന്ന് ഉറപ്പു വരുത്താനും ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനും സാധിക്കുന്നു.നിലവിൽ ഇപ്രകാരമുള്ള നടപടികളിൽ വീഴ്ചയുണ്ടാകുന്നതായി പഞ്ചായത്ത് ഫീൽഡ് സ്റ്റാഫ് നടത്തിയ സ്ഥല പരിശോധന റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. സ്ഥാപനം സന്ദർശിച്ചുവെന്നും ലൈസൻസ് ഫീസായി ഇത്ര രൂപ ഈടാക്കാമെന്നും ലൈസൻസ് അനുവദിക്കാമെന്നും മാത്രമാണ് അന്വേഷണ റിപ്പോർട്ടായി ഉള്ളത്.

4)രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കാര്യക്ഷമമല്ല

ലൈസൻസ് രജിസ്റ്ററിൽ വാങ്ങിയിട്ടുള്ള ഫീസിന്റെ വിവരങ്ങൾ, മോട്ടോർ റണ്ണിംങ് ഫീ, ബിലേറ്റഡ് ഫീ, തൊഴിൽ നികുതി എന്നിവ വ്യക്തമായി ചേർക്കുകയും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

5) ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല.

2018-19 വർഷത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, 616 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2018 ഫെബ്രുവരി മാസത്തിലോ മാർച്ച് മാസത്തിലോ തന്നെ നൽകേണ്ടതായിരുന്നു. സാമ്പത്തിക വർഷം അവസാനിച്ച് പിന്നീട് ലൈസൻസ് പുതുക്കുന്നത് വരെ ഇത്തരം സ്ഥാപനങ്ങൾ നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പേര് | വ്യാപാരം | വാർഡ്/കെട്ടിട നം | ലൈസൻസ് അപേക്ഷ സമർപ്പിച്ച തിയ്യതി |
|---|---|---|---|---|
| 1 | നിതിൻ ജോയ് | അലൂമിനിയം ഫാബ്രിക്കേഷൻ | 14/193 | 25-4-2018 |
| 2 | കുഞ്ഞായിൻ ഹാജി | സ്വർണ്ണം,വെള്ളി കച്ചവടം | 14/901 | 3-5-2018 |
| 3 | ബാബുരാജ് .സി | സോമിൽ | 15/286എ | 29-6-18 |
| 4 | കെ.കെ.മോഹനൻ | ആയുർവേദ മരുന്ന് വിൽപ്പന | 14/1367 | 17-7-18 |
| 5 | കെ.കെ. കുഞ്ഞഹമ്മദ്ഹാജി | | 9/501 | 31-8-2018 |
| 6 | ജലജ വിജയൻ | സിമന്റ് കട്ട നിർമ്മാണം | 13/301 | 25-10-18 |
| 7 | അബ്ദുറഹിമാൻ | റെഡിമെയ്ഡ് വസ്ത്ര വിൽപ്പന | 14 | 14-11-18 |
| 8 | സെക്രട്ടറി, റീജിയണൽ കോഓപ്പറേറ്റീവ് ആയുർവേദിക് ഹോസ്പിറ്റൽ,കോഴിക്കോട് | ആയുർവേദ മരുന്ന് വിൽപ്പന | 14/283 | 28-12-18 |

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന്, കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി പ്രകാരം (തൊഴിൽ നികുതി) വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള 2677 കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തുകയും, ഫീൽഡ് തല അന്വേഷണത്തിലൂടെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുകയും, ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കാൻ സ്ഥാപന ഉടമകൾക്ക് നിർദ്ദേശം നൽകുകയും 'ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭകത്വ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ' ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നതും/പുതുക്കുന്നതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.

# 1-10 പാമ്പിഴഞ്ഞ പാറ അങ്കണവാടി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ പദ്ധതി - ടെണ്ടർ കുറവ് ഈടാക്കാതെ കരാറുകാരന് തുക അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പദ്ധതി - എസ്.ഒ 104 /19
അടങ്കൽ - 240000
ചെലവ് - 211746

ബിൽ നമ്പർ, തീയതി - 76/18-19/22.03.2019- മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്

കരാറുകാരൻ - ശ്രീ.ബിജോ.കെ.പി

കരാർ - 20/18-19/19.07.2018

പാമ്പിഴഞ്ഞ പാറ അങ്കണവാടി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ പദ്ധതിയുടെ നടത്തിപ്പാനായി 19.06.2018 തീയതിയിൽ നടന്ന ടെണ്ടറിൽ 5 കരാറുകാർ പങ്കെടുക്കുകയും ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.ബിജോ.കെ.പി എന്ന കരാറുകാരന് മേൽ കരാർ പ്രകാരം ജോലി ഏൽപ്പിച്ചു നൽകുകയുമുണ്ടായി. 8.6 % കുറഞ്ഞ നിരക്കായിട്ടാണ് ടിയാൻ പ്രവൃത്തി ക്വാട്ട് ചെയ്തിട്ടുള്ളത്. കരാറുകാരൻ 06.03.2019ന് പ്രവൃത്തി പൂർത്തിയാക്കി. ബിൽ തുക കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ എം ബുക്ക് 139/19 പരിശോധിച്ചതിൽ കരാർ പ്രകാരമുള്ള 8.6% ടെണ്ടർ കുറവ് കരാറുകാരനിൽ നിന്ന് ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| ആകെ പ്രവർത്തി മൂല്യം | 211740 |
| അനുവദിച്ച തുക | 2117 -ആദായ നികുതി<br>2117 - കെട്ടിട തൊഴിലാളി ക്ഷേമ നിധി<br>207512 - കരാറുകാരൻ |
| ഈടാക്കാത്ത ടെണ്ടർ കുറവ് തുക | 8.6 % of 211740 = 18210<br>211740- 18210 =193530 |
| അനുവദിക്കേണ്ടതുക | 1935 - ആദായ നികുതി<br>1935 - കെട്ടിട തൊഴിലാളി ക്ഷേമ നിധി<br>189660 - കരാറുകാരൻ |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/18-19 തിയ്യതി 09.03.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 18210 രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

# 1-11 അങ്കണവാടി വർക്കർ ഹോണറേറിയം - അധികം നൽകി

പ്രോജക്ട് നം. : 67/2019

അടങ്കൽ : 6,48,000/-

നിർവ്വഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

ബിൽ നം. : 2/2018-19 തി 27-6-2018

മേൽ പ്രോജക്ട് പ്രകാരം ഗ്രാമ പഞ്ചായത്തിലെ 27 അങ്കണവാടികളിലേയും വർക്കർമാർക്കും ഹെൽപ്പർമാർക്കും 2017-18 വർഷത്തെ വർദ്ധിപ്പിച്ച ശമ്പള നിരക്ക് പ്രതിമാസം 1000/- രൂപ തോതിൽ 12 മാസത്തെ (2017 ഏപ്രിൽ മാസം മുതൽ 2018 മാർച്ച് വരെ) കുടിശ്ശിക നൽകുക എന്നതായിരുന്നു വിഭാവനം ചെയ്തിരുന്നത്. ആയതു പ്രകാരം ഐ.സി.ഡി.എസ് സൂപ്പർവൈസർ 2017 ഏപ്രിൽ മാസം മുതൽ 2018 മാർച്ച് മാസം വരെയുള്ള കുടിശ്ശിക തുക 27 അങ്കണവാടി വർക്കർമാരുടെയും അക്കൗണ്ടിലേക്ക് മേൽ ബില്ല് പ്രകാരം 2018 ജൂൺ മാസത്തിൽ മാറി നൽകുകയുണ്ടായി. എന്നാൽ 2018 മാർച്ച് മാസത്തെ ഹോണറേറിയം വർദ്ധിപ്പിച്ച നിരക്കിൽ കൊടുവള്ളി ശിശുവികസന പദ്ധതി ഓഫീസിൽ നിന്നും 2018 മാർച്ച് മാസം തന്നെ അങ്കണവാടി വർക്കേഴ്സിന് മാറി നൽകിയിരുന്നു. ആയതിനാൽ 27 അങ്കണവാടി വർക്കർമാർക്കും 2018 മാർച്ച് മാസത്തെ ശമ്പള കുടിശ്ശിക രണ്ട് തവണ ലഭിക്കാൻ ഇടയായി. ഇപ്രകാരം അധികം നൽകിയ തുകയായ 27,000/- രൂപ (27X1000) ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-12 എൽ.പി.സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകൽ -അധിക തുക അനുവദിച്ചു

പ്രൊജക്ട് നം : 91/19

അടങ്കൽ : 75,000/-രൂപ

ചെലവു തുക : 67,341/-രൂപ (ബിൽ നം.3/18-19/22.3.2019)

നിർവ്വഹണം : ഹെഡ് മാസ്റ്റർ

മേൽ പ്രൊജക്ട് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ എൽ.പി.സ്കൂളുകളായ ജി.എൽ.പി.സ്കൂൾ ആനക്കാംപൊയിൽ, ജി.എൽ.പി.സ്കൂൾ തൊണ്ടിമ്മൽ എന്നിവിടങ്ങളിൽ പ്രഭാതഭക്ഷണം നൽകുന്നതിന് സാധനങ്ങൾ വാങ്ങിയതിന് 67,341/-രൂപ ബിൽ പ്രകാരം പിൻവലിച്ച് കൺവീനർ ശ്രീ.പ്രശാന്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതായി കാണുന്നു. എന്നാൽ പ്രഭാത ഭക്ഷണം നൽകുന്നതിനായി വാങ്ങിയ പച്ചക്കറി, പലചരക്ക് സാധനങ്ങളുടെ ബില്ലുകൾ പരിശോധിച്ചതിൽ ജി.എൽ.പി.സ്കൂൾ ആനക്കാംപൊയിൽ, ജി.എൽ.പി.സ്കൂൾ തൊണ്ടിമ്മൽ എന്നിവിടങ്ങളിലേക്ക് യഥാക്രമം 28,926/-രൂപയുടേയും 33,000/-രൂപയുടേയും സാധനങ്ങളാണ് വാങ്ങിയിട്ടുള്ളത്. മൊത്തം 61926/-രൂപ കൺവീനർക്ക് അനുവദിക്കുന്നതിനു പകരം 67341/-രൂപ അനുവദിച്ചിട്ടുണ്ട്. അധികം അനുവദിച്ച 5415/-രൂപ

ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് ഒടുക്കേണ്ടതാണ്.

## 1-13 കരാർ വയ്ക്കുന്നതിന് കാലതാമസം - കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല

ജി.ഒ(പി)13/2012/പിഡബ്ല്യുഡി/1.2.12 പ്രകാരമുള്ള പൊതുമരാമത്ത് മാന്വൽ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തീയതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് പി എ സി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇഎംഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ പറയുന്ന പ്രോജക്ടുകളിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ചിട്ടുള്ളത്.

| ക്രമ നം | പ്രോജക്ട് | സെലക്ഷൻ നോട്ടീസ് തിയതി | കരാർ വച്ച തീയതി/ കരാറുകാരൻ | പിഎസിയുടെ1% ഫൈൻ തുക |
|---|---|---|---|---|
| 1 | പാറ മണ്ണിൽചോലയിൽ റോഡ് ടാറിങ്ങ് 230/19 (ബിൽ 10/ 18-19/ 29.06.18, 430000/-) കരാർ തുക 430000 | 23.12.2017 | AE/46/17-8/18.01.18 ശ്രീ.സിനോ ജോസഫ് | 4300 |
| 2 | താഴെ തിരുവമ്പാടി പാതിരാ മണ്ണ് റോഡ് റീ ടാറിങ്ങ് 208/19 (ബിൽ 11/ 18-19/ 29.06.18, 250000/-) കരാർ തുക 250000 | 23.12.2017 | AE/44/17-8/18.01.18 ശ്രീ.സിനോ ജോസഫ് | 2500 |
| 3 | പാലക്കടവ് തുമ്പക്കോട് ശ്രീകൃഷ്ണ ക്ഷേത്രം റോഡ് ടാറിങ്ങ് 227/19 (ബിൽ 16/18-19/ 29.06.18, -330000/-) | 17.01.18 | AE/69/17-8/12.02.18 ശ്രീ.ഷൈജു.എ.പി | 3300 |

| | | | | |
|---|---|---|---|---|
| | കരാർ തുക 330000 | | | |
| 4 | പാറപ്പുറം തിരുവമ്പാടി മണ്ടാം കടവ് പാത്ത് വെ 202/19 (ബിൽ 85/ 18-19/ 27.03.2019, 314013/-) കരാർ തുക 322000 | 23.12.2017 | AE/47/17-8/18.01.18 ശ്രീ.സിനോ ജോസഫ് | 3220 |
| | | | ആകെ | 13320 |

മേൽ പ്രവൃത്തികളിൽ കരാർ വയ്ക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. കൂടാതെ പ്രവൃത്തി ഫയലുകളിൽ ചിലതിൽ സെലക്ഷൻ നോട്ടീസ് വച്ചിട്ടില്ലാത്തതിനാലും ചിലതിൽ സെലക്ഷൻ നോട്ടീസിൽ തിയ്യതി എഴുതിയിട്ടില്ലാത്തതിനാലും സമയബന്ധിതമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല. കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ച് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയിട്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം 15 /2018-19. 09.03.2020) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴയായി ഈടാക്കേണ്ടിയിരുന്ന 13,320/- രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-14 ക്ലീൻ തിരുവമ്പാടി ഗാർഹിക മാലിന്യ സംസ്കരണ പദ്ധതി - ഗുണഭോക്തൃ വിഹിതം ഈടാക്കിയതിൽ കുറവ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

പദ്ധതി - എസ്.ഒ 188/19 (സ്പിൽ ഓവർ)

അടങ്കൽ - 3613773

ചെലവ് - 1195109

(ചെക്ക് നം-, 434577/5.12.2018) 965567-ശുചിത്വ മിഷൻ ഫണ്ട്,

229542 – ഗുണഭോക്തൃ വിഹിതം 1540603, 1540604/5.03.19 :

കരാറുകാർ -റെയ്ഡ്കോ

ഗാർഹിക മാലിന്യ സംസ്കരണത്തിനായി റിങ്ങ് കമ്പോസ്റ്റ് യൂണിറ്റുകൾ വിതരണം ചെയ്യുക എന്ന ഉദ്ദേശത്തോടെ 2016-17 വർഷത്തിൽ ആരംഭിച്ച പദ്ധതിയാണിത്. ഒരു യൂണിറ്റിന് വിലയായ 2500 രൂപയുടെ 10% ഗുണഭോക്തൃ വിഹിതം അതായത് 250 രൂപ വീതം ഓരോ ഗുണഭോക്താവിൽനിന്നും ഈടാക്കിയിട്ടാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 2018-19 വർഷത്തിൽ

ഗുണഭോക്തൃ വിഹിതം ഇനത്തിൽ 229542 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കലക്ഷൻ റജിസ്റ്റർ പ്രകാരം 2,14,500 രൂപയാണ് ഗുണഭോക്താക്കളിൽ നിന്ന് പിരിച്ചെടുത്തിട്ടുള്ളത്. 15042 രൂപ (229542-214500) തനത് ഫണ്ടിൽ നിന്ന് അധികം ചെലവഴിച്ചതായി കാണുന്നു.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി.നം (17/18-19 തിയ്യതി 09.03.202) യ്ക്ക് മറുപടി ലഭ്യമാക്കിയിയിട്ടില്ല. 15,042 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

# 1-15 കരാർ പ്രകാരം പ്രവർത്തി പൂർത്തിയാക്കാത്തതിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല.

2018-19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനിൽനിന്ന് നിയമാനുസൃതം പിഴ ഈടാക്കാതെ ഇളവ് അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| ക്രമ നം | പ്രൊജക്ട് | ചെലവ് | കരാറുകാരൻ, എഗ്രി.നമ്പർ, തിയ്യതി. | പ്രവൃത്തി പൂർത്തീകരണ കാലയളവ്. സൈറ്റ് കൈമാ റിയ തിയ്യതി | പ്രവൃത്തി പൂർത്തീ കരിച്ച തിയ്യതി എം. ബുക്ക് പ്രകാരം | പൂർത്തീ കരണം വൈകിയ കാല യളവ് | ഈടാ ക്കേ ണ്ട പിഴ പി.എ . സി തുകയുടെ ശതമാന ത്തിൽ | പിഴ (രൂ) |
|---|---|---|---|---|---|---|---|---|
| 1 | 221/18-19 പൊതു സ്മശാനം | 570743 (ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്) ചെക്ക് 286593/ 18.12.18 | ശ്രീ.ഷൈജു.എ.പി 95/16-17/ 31.03.2017 | 3 മാസം 31.03.2017 | 23.03.2018 എം.ബുക്ക് (284/16-17) കരാർ കാലാവധി കഴിഞ്ഞ് 11.12.2017 നാണ് പ്രവൃത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ. സി തുക 1584336 രൂപ യുടെ 3% | 47530 |
| 2 | 222/8-19 ആനക്കാം | 278981 (റോഡിതര | ശ്രീ.ജമാൽ.ഇ 90/16-17 | 3 മാസം 22.03.17 | 27.03.2018 എം.ബുക്ക് | ഒറിജിനൽ കാലാവധി യുടെ 50 | പി.എ. സി തുക 349965 | 10499 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | പോയിൽ സ്കൂൾ നവീകരണം | മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) ബിൽനം. 20/29.06.2018 23/01.08.2018 | /22.03.2017 | | (202/17-18) കരാർകാലാവധി കഴിഞ്ഞ് 22.11.2017 നാണ് പ്രവൃത്തി തുടങ്ങിയത് | ശതമാനത്തിൽ കൂടുതൽ. | രൂപയുടെ 3% | |
| 3 | 202/18-19 പാറക്കടവ് തിരുവമ്പാടി മണ്ടാം കടവ് പാത്ത് വെ | 314013 (റോഡ് മെയിന്റനൻസ് ഫണ്ട്) ബിൽനം. 35/27.3.19 | ശ്രീ.സിനോ ജോസഫ് 47/17-18 / 18.01.2018 | 6 മാസം 18.01.2018 | 25.02.2019 എം.ബുക്ക് (134/18-19) കരാർകാലാവധി കഴിഞ്ഞ് 31.08.18 നാണ് പ്രവൃത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ.സി തുക 322000 രൂപയുടെ 3% | 9660 |
| 4 | 192/18-19 കൊടക്കാട്ടു പാറ കിഴക്കേ മുരിക്കും തൊടി നടപ്പാത | 97302 (ധനകാര്യ കമ്മീഷൻ ഫണ്ട്) ബിൽനം./37/ 27.12.2018 | ശ്രീ.മുഹമ്മദ് ബഷീർ 59/17-1.18/ 29.01.2018 | 6മാസം 29.01.18 | 29.01.2018 എം.ബുക്ക് (111/18-19) കരാർകാലാവധി കഴിഞ്ഞ് 30.08.18 നാണ് പ്രവൃത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ.സി തുക 100000 രൂപയുടെ 3% | 3000 |
| ആകെ | | | | | | | | 70689 |

മേൽ പ്രവൃത്തികളിൽ എഗ്രിമെന്റിനോടൊപ്പം പ്രവൃത്തി കലണ്ടർ ഇല്ല. ടിഎസ് സ്ലിപ്പ്, ടെണ്ടർ നോട്ടീസ്, കരാർ റജിസ്റ്റർ എന്നിവ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരണ കാലാവധിയാണ് ചേർത്തിട്ടുള്ളത്.

1.2.2012 തിയ്യതിയിലെ ജി.ഒ(പി)13/2012/പി.ഡബ്ള്യു.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ.ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്ത വണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇവിടെ എല്ലാ പ്രവൃത്തികളിലും ദീർഘീകരണം 50% ലും കൂടുതലാണ്. കരാർ വെച്ച് വളരെ കാലം കഴിഞ്ഞാണ് പ്രവൃത്തി ആരംഭിയ്ക്കുന്നത്. ഇങ്ങനെ പ്രവൃത്തി പൂർത്തീകരിയ്ക്കുന്നതിന് വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ യാതൊരു നടപടികളും സ്വീകരിയ്ക്കുന്നില്ല. ഇത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാകാതിരിക്കുന്നതിനും സ്പിൽ ഓവർ ആകുന്നതിനും ഫണ്ട് നഷ്ടമാകുന്നതിനും ഇടയായിട്ടുണ്ട്

സെക്ഷൻ 2005 പ്രകാരം site കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. പ്രവൃത്തികളിലൊന്നും തന്നെ കാലയളവ് ദീർഘീ കരണത്തിന് കരാറുകാർ എം.ഇ മുഖേന അപേക്ഷിച്ചിട്ടില്ല.

പൂർത്തീകരണ കാലാവധി സംമ്പന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്യാത്തതിനും, ദീർഘീകരണം ലഭ്യമാകാതെ പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം വരുത്തിയ കരാറുകാരനെതിരെ നടപടിയൊന്നും എടുക്കാതെ ഫൈനൽ ബിൽ തുക നൽകുന്നതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 19/2018-19. 09.03.2020) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്ന 70689 രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-16 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - സംയുക്ത പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല.

പ്രോജക്ട് നം : 57/19

പ്രോജക്ട് : ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

നിർവ്വഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ : വികസന ഫണ്ട് (പൊതുവിഭാഗം) 6,00,000/-

ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 3,00,000/-

ജില്ലാ പഞ്ചായത്ത് വിഹിതം - 3,00,000/-

ആകെ - 12,00,000/-

ചെലവ് : - 10,43,782/-

ബിൽ നം. : 23/18-19 തി 16-1-2019

മേൽ സംയുക്ത പദ്ധതിക്കായി വകയിരുത്തിയ 12 ലക്ഷം രൂപയിൽ ഗ്രാമപഞ്ചായത്ത് വിഹിതവും ജില്ല പഞ്ചായത്ത് വിഹിതവും പൂർണ്ണമായും വിനിയോഗിച്ചുവെങ്കിലും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി വകയിരുത്തിയ 3,00,000/- രൂപയിൽ 1,43,782/- രൂപ മാത്രം ലഭിച്ചതിനാൽ പദ്ധതി വിഭാവനം ചെയ്ത രീതിയിൽ ഫലപ്രാപ്തിയിലെത്തിയില്ല. സബ്സിഡി-ധനസഹായം സംബന്ധിച്ച സർക്കാർ മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ. തിയ്യതി 14-02-2018 പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് 28500/- രൂപയും ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സിന്റെ അടിസ്ഥാനത്തിലുമാണ് വാർഷിക സ്കോളർഷിപ്പ് നൽകേണ്ടത്. ഈ പദ്ധതിയ്ക്കായി വേണ്ടത്ര തുക വകയിരുത്തിയിട്ടില്ലെന്ന് മാത്രമല്ല വകയിരുത്തിയ തുകയിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് വിഹിതം മുഴുവനായി ലഭിച്ചതുമില്ല. അതുകൊണ്ട് തന്നെ ഗുണഭോക്താക്കളായ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ ആനുകൂല്യം മുഴുവനായി നൽകുവാൻ സാധിച്ചിട്ടില്ല.

നിർധന കുടുംബങ്ങളിൽ നിന്നുള്ള ശാരീരിക മാനസിക വെല്ലുവിളികൾ കൂടി നേരിടുന്ന വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച നടപ്പിലാക്കുന്ന ഇത്തരം പദ്ധതികൾ ഉദ്ദേശ്യലക്ഷ്യം കൈവരിക്കേണ്ടത് ആത്യാവശ്യമാണ്. സർക്കാർ നിർദ്ദേശത്തിനനുസൃതമായി പദ്ധതി ലക്ഷ്യം പൂർത്തീകരിക്കുവാൻ വകയിരുത്തേണ്ട തുകയെക്കുറിച്ചോ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുവാൻ വേണ്ട മറ്റു നിർദ്ദേശങ്ങളോ ഒന്നും തന്നെ മോണിറ്റിംഗ് ചുമതലയുള്ള സാമൂഹ്യക്ഷേമ വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്തുനിന്നോ മേൽനോട്ട ചുമതലയുള്ള ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നോ ഉണ്ടായിട്ടില്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഇത്തരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ പദ്ധതിയുടെ ആനുകൂല്യം ഗുണഭോക്താക്കൾക്ക് പൂർണ്ണമായും ലഭ്യമാക്കുന്നതിനാവശ്യമായ തുക വകയിരുത്തേണ്ടതും വകയിരുത്തിയ തുക മുഴുവനായും ലഭിക്കുന്നുണ്ടെന്ന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.

## 1-17 കായിക പരിശീലനത്തിന് ധനസഹായം അനുവദിക്കൽ : പദ്ധതി നടത്തിപ്പിലെ അപാകത

പ്രൊജക്ട് നം. : 75/19

അടങ്കൽ : 500000/-രൂപ

നിർവ്വഹണം : ഹെഡ്മാസ്റ്റർ
ചെലവു തുക : 500000/-രൂപ (ബിൽ നം.2/18-19/15.12.2018- 300000/-രൂപ

ചെക്ക് നം.1540607/15.3.2019- 100000/രൂപ

ചെക്ക് നം. 1540608/15.3.2019- 100000/രൂപ )

മലയോര മേഖലയായ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ കലാകായിക മേഖലയിൽ സമഗ്ര വികസനത്തിനായി ഒട്ടേറെ സംഭാവന നൽകിക്കൊണ്ടിരിക്കുന്ന സ്ഥാപനങ്ങളാണ് കോസ് മോസ് ക്ലബും മലബാർ സ്പോർട്സ് അക്കാദമിയും. ഈ സ്ഥാപനങ്ങളിൽ പരിശീലനം നേടുന്ന

ഗ്രാമപഞ്ചായത്തിലെ കായികതാരങ്ങളുടെ പരിശീലനത്തിനും ഭക്ഷണത്തിനുമായി പദ്ധതി തുകയായി വകയിരുത്തിയ 5,00,000/-രൂപ ചെലവഴിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സർക്കാരിൽ നിന്നും മുൻകൂർ അനുമതി തേടിയിരുന്നു. സ.ഉ.(സാധാ.)നം2383/2018/തസ്വ.ഭ.വ./6.9.2018 പ്രകാരം പദ്ധതി തുകയായ 5,00,000/- രൂപ ചെലവഴിക്കുന്നതിന് സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പുല്ലൂരാം പാറയിലെ മലബാർ സ്പോർട്സ് അക്കാദമിക്ക് 4,00,000/-രൂപയും (3,00,000/-രൂപ വികസനഫണ്ട്, 1,00,000/-രൂപ തനത്ഫണ്ട്) കോസ് മോസ് ക്ലബിന് 1,00,000/-രൂപയും (തനതുഫണ്ട്) ഓഡിറ്റ് വർഷം അനുവദിച്ചിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ, മലബാർ സ്പോർട്സ് അക്കാദമി ഒരു പരിശീലനാർത്ഥിക്ക് പ്രതിദിനം 40/-രൂപ നിരക്കിൽ 70 പരിശീലനാർത്ഥികൾക്ക് ചുവടെ ചേർത്ത പ്രകാരം ഭക്ഷണത്തിന് ചാർജ്ജ് ഈടാക്കിയിട്ടുണ്ട്.

| പരിശീലനം നടത്തിയ കാലയളവ് | ആകെ പ്രവൃത്തി ദിനം | ഈടാക്കിയ തുക |
|---|---|---|
| ജൂൺ 2018 | 26 | 70X40X26 = 72800 |
| ജൂലൈ 2018 | 25 | 70X40X25 = 70000 |
| ആഗസ്റ്റ് 2018 | 25 | 70X40X25 = 70000 |
| ഒക്ടോബർ 2018 | 27 | 70X40X27 = 75600 |
| നവംബർ 2018 | 26 | 70X40X26 = 72800 (61600/-രൂപയിൽ പരിമിതപ്പെടുത്തി നൽകി) |
| | ആകെ | 350000 |

അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം, പ്രവൃത്തി ദിവസങ്ങളിൽ പലതിലും പരിശീലനാർത്ഥികൾ പരിശീലനത്തിന് ഹാജരായിട്ടില്ലെന്നു കാണുന്നു. എന്നാൽ ഹാജരില്ലാത്ത ദിവസങ്ങളിലെയും ഭക്ഷണചാർജ്ജ് മലബാർ സ്പോർട്സ് അക്കാദമി ഈടാക്കിയിട്ടുണ്ട്. വിവിധ മാസങ്ങളിലായി പരിശീലനാർത്ഥികൾ പരിശീലനത്തിന് ഹാജരായിട്ടില്ലാത്ത പ്രവൃത്തി ദിവസങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| മാസം | പരിശീലനത്തിന് ഹാജരായിട്ടില്ലാത്ത ദിവസം | കുറവു ചെയ്യേണ്ട തുക |
|---|---|---|

| | | |
|---|---|---|
| ജൂൺ 2018 | 164 | @ 40/Day<br>164X40 = 6560 |
| ജൂലൈ 2018 | 195 | 195X40 =7800 |
| ആഗസ്റ്റ് 2018 | 312 | 312X40 =12480 |
| ഒക്ടോബർ 2018 | 302 | 302X40=12080 |
| നവംബർ 2018 | 226 | 72800/രൂപ നൽകേണ്ടതുണ്ടെങ്കിലും 61600/- രൂപയിൽ പരിമിതപ്പെടുത്തി നൽകിയിട്ടുണ്ട്. |

മേൽ പ്രകാരം ഓരോ മാസവും നിരവധി പേർ കായിക പരിശീലനത്തിൽ പങ്കെടുക്കാതിരുന്നിട്ടും, ഹാജർ പരിഗണിക്കാതെ ഭക്ഷണ ചാർജ്ജ് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/18-19/7.3.2020) ലഭ്യമാക്കിയ മറുപടിയിൽ, പ്രതിമാസം 70 ലും കൂടുതൽ പേർക്ക് പരിശീലനം നൽകിയിട്ടുണ്ടെങ്കിലും 70 പേരുടെ ഭക്ഷണ ചാർജ്ജ് മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂവെന്നും, ഡിസംബർ മാസത്തെ ഭക്ഷണ ചാർജ്ജ് ഫണ്ടിന്റെ അപര്യപ്തതമൂലം ഉൾപ്പെടുത്തിയിട്ടില്ലെന്നും അറിയിക്കുകയുണ്ടായി.

പരിശീലനത്തിന് ഹാജരായവരുടെ മാത്രം ഹാജർ മാനദണ്ഡമാക്കി അനുവദനീയമായ ഫണ്ടിന് വിധേയമായി ഭക്ഷണ ചാർജ്ജ് അനുവദിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## **1-18** പട്ടിക ജാതി വിദ്യാർഥികൾക്ക് പഠനമുറി പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് - 56/18-19

അടങ്കൽ - 12,00,000 - വികസന ഫണ്ട് (എസ്.സി.പി)

ചെലവ് - 600000

14.02.18 ലെ ജി.ഒ (എം.എസ്) 22/18 തസ്വഭവ നമ്പർ ഉത്തരവിലെ 7.2.17 ഖണ്ഡിക പ്രകാരം

എസ്.സി വിഭാഗം വിദ്യാർഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കുന്നതിന് വീടിനോട് ചേർന്ന് ഒരു പഠനമുറി നിർമ്മമിച്ച നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. മേൽ ഉത്തരവ് പ്രകാരം പഠന മുറി നൽകുന്ന ഗുണഭോക്താവിന് നിലവിലുള്ള 800 ചതുരശ്ര അടി വീടിനോട് ചേർന്ന് 100 ചതുരശ്ര അടിയിൽ അധികരിക്കാതെ പഠന മുറി അനുവദിക്കാവുന്നതാണ്. 2018-19 വർഷത്തിൽ താഴെ പറയുന്ന 6 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ഇതിൽ ഒരു ഗുണഭോക്താവിന് മാത്രമാണ് മുഴുവൻ തുകയും നൽകിയിട്ടുള്ളത്, ഈ ഗുണഭോക്താവ് പഠന മുറി നിർമ്മിച്ചതിന്റെ രേഖ (പ്ലാൻ, ഫോട്ടോ) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുള്ള അഡ്വാൻസ്സ് തുക വിനിയോഗിച്ച് പഠനമുറിയുടെ പ്രവർത്തനം തുടങ്ങിയതിന്റെയും പ്രവൃത്തി പൂർത്തിയാക്കിയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | ബിൽ നമ്പർ/തിയ്യതി |
|---|---|---|
| വാസു നടവരമ്പത്ത് | 50000 | 04/14.02.2019<br>06/23.02.2019<br>12/28.03.2019<br>13/28.03.2019 |
| ഷാജു കിളിപ്പാൽ | 200000 | |
| ശശി ചെറു വളപ്പിൽ | 100000 | |
| ബിന്ദു.സി.വി ചാലിൽ | 100000 | |
| ഷാജു.വി.വി | 50000 | |
| സരോജിനി | 100000 | |
| ആകെ | 600000 | |

അപാകയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തിയാക്കി രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവഴിച്ച 6,00,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-19 പെയിൻ ആന്റ് പാലിയേറ്റീവ് ഹോംകെയർ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല- മേൽ നോട്ട സംവിധാനം അപര്യാപ്തം

പ്രൊജക്ട്നം. 101/2019 അനുസരിച്ച് മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പ്രോജക്ടിനായി വകയിരുത്തിയ 10 ലക്ഷം രൂപയിൽ മരുന്ന് വാങ്ങുന്നതിനായി 1,79,531/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ബിൽ നം. 7/2018-19 തി 14-11-2018 പ്രകാരം കൈമാറിയിട്ടുണ്ട്. ആയതിൽ 1,46,401/- രൂപയുടെ മരുന്നുകൾ മാത്രമാണ് ഇതുവരെ ലഭ്യമാക്കിയതായി കാണുന്നത്. 33,130/- രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമാക്കാനുണ്ട് എന്ന് പരിശോധയിൽ വ്യക്തമാവുന്നു. മരുന്നുകൾ ലഭ്യമാക്കുന്നതിന് നിരന്തരം കെ.എം.എസ്.സിഎല്ലു മായി ബന്ധപ്പെട്ടിട്ടും ആയത് യഥാസമയം ലഭ്യമാക്കാനുള്ള നടപടികളൊന്നും തന്നെ കെ.എം.എസ്.സിഎൽ സ്വീകരിച്ചില്ല എന്നാണ്

നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. ലഭ്യമായ മരുന്നുകൾ തന്നെ താമരശ്ശേരി കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേന നിർവ്വഹണ ഉദ്യോഗസ്ഥൻ അവിടെ ചെന്ന് ശേഖരിച്ചതുമാണ്. ഇക്കാരണത്താൽ പാലിയേറ്റീവ് പരിചരണവും സാന്ത്വനവും നിത്യേന ലഭിക്കേണ്ട രോഗികൾക്ക് അവശ്യം വേണ്ട മരുന്നുകൾ യഥാസമയം ലഭ്യമാവാതെ വലയുന്നു. സ.ഉ.(കൈ) നം.22/2018 /ത.സ്വ.ഭ.വ തി.14-2-2018 പ്രകാരം അടിയന്തിര ഘട്ടങ്ങളിൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്നുകൾ ലഭ്യമല്ലാതിരിക്കുന്ന സാഹര്യങ്ങളിൽ ബന്ധപ്പെട്ട ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം തദ്ദേശ ഭരണ സ്ഥാപനത്തിന് കാരുണ്യ/നീതി/ജെൻ ഔഷധി മെഡിക്കൻ സ്റ്റോറിൽ നിന്നും അടിയന്തിര സാഹചര്യം മറി കടക്കുന്നതിന് വേണ്ടി മാത്രം മരുന്ന് വാങ്ങാവുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയതിനായി ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി ശുപാർശ ചെയ്തതായി കാണുന്നില്ല.

മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിൽ കെ.എം.എസ്.സി.എൽ നിരന്തരമായി വീഴ്ച വരുത്തിയിട്ടും ആയത് പരിഹരിക്കുന്നതിന് മോണിറ്ററിംഗ് ചുമതലയുള്ള വർക്കിംഗ് ഗ്രൂപ്പോ, മേൽനോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റിയോ യാതൊരു ഇടപെടലുകളും നടത്തിയിട്ടില്ല എന്ന് ഇതിൽ നിന്നും വ്യക്തമാവുന്നു. ആയതിനാൽ പദ്ധതിവിഭാവനം ചെയ്ത പ്രകാരമുള്ള ലക്ഷ്യം പൂർണ്ണമായും കൈവരിക്കുന്നതിന് സാധിച്ചിട്ടില്ല. ബാക്കി തുകയുടെ മരുന്നുകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. 33,130/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് നൽകി പ്രവൃത്തി നടത്തുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തെ പ്രൊജക്ടുകളിൽ തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തികൾ നിർവ്വഹണം നടത്തിയതായി കാണുന്നു. പ്രൈസ് സോഫ്റ്റ്‌വെയർ പ്രകാരമാണ് എസ്റ്റിമേറ്റ് നിരക്കുകൾ നിർണയിക്കുന്നത്. പി.ഡബ്ല്യൂ.ഡി ചീഫ് എഞ്ചിനീയറുടെ 19.9.2017 തിയ്യതിയിലെ CE/Admn/PLA/EMP/1014(a)/05 പ്രകാരം 1.10.2017 മുതൽ കോഴിക്കോടിന് ബാധകമായ കോസ്റ്റ് ഇൻഡക്സ് 37.25 ശതമാനം ആയി പുനർനിർണയിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ചില പ്രോജക്ടുകളിൽ പഴയ നിരക്കായ 42.16 ശതമാനം കോസ്റ്റ് ഇൻഡക്സ് നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ട് നടപ്പാക്കിയത്.

കോസ്റ്റ് ഇൻഡക്സ് 37.25 ശതമാനം അനുവദിയ്ക്കേണ്ടതിനു പകരം 42.16 പ്രകാരം നിരക്ക് അനുവദിച്ചതിനാൽ 2018-19ൽ ടെണ്ടർ ചെയ്ത് കരാർ വച്ച ചില പ്രവൃത്തികളിൽ അധികം ചെലവ് ഉണ്ടായിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഫണ്ട് നഷ്ടപ്പെടാത്ത രീതിയിൽ മതിയായ സമയം ലഭ്യമായിട്ടും കുറഞ്ഞ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതിരുന്നത് മൂലം കരാറുകാർക്ക് അധിക തുക നൽകേണ്ടി വന്നിട്ടുണ്ട്.

പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തികൾ ഏല്പിച്ചുകൊടുക്കുന്നത് പ്രാബല്യ തീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തണമായിരുന്നു. പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താത്പര്യത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മുൻതൂക്കം കൊടുക്കേണ്ടതാണ്. റോഡ് പ്രവൃത്തികളിൽ കരാറുകാർക്ക് നഷ്ടം വരാവുന്ന സാഹചര്യം വന്നപ്പോൾ

ടാറിന്റെ നിരക്ക് പുതുക്കി വന്ന സാഹചര്യത്തിൽ 20 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് പുതുക്കുന്നതിന് എ.ഇ യുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 10.12.18 തീരുമാനമെടുക്കുകയും നിരക്ക് പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്. താഴെ പറയുന്ന എല്ലാ പ്രവൃത്തികൾക്കും ടെണ്ടർ ക്ഷണിച്ചതും കരാർ വച്ചതും ഈ ഉത്തരവ് നിലവിൽ വന്ന ശേഷമാണ് ഇപ്രകാരം ചെയ്യാത്തതിനാൽ കോസ്റ്റ് ഇൻഡെക്സ് ഇനത്തിൽ 4.91 ശതമാനത്തിന്റെ ആധിക്യം ഉണ്ടാകുകയും അത്രയും തുകയുടെ അധികച്ചെലവ് സ്ഥാപനത്തിനുണ്ടാകുകയും ചെയ്തിട്ടുണ്ട്. എന്നിട്ടും എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടില്ല. ഓഡിറ്റ് വർഷത്തിൽ ചെലവ് വന്ന താഴെ പറയുന്ന പ്രവൃത്തികൾക്ക് അധികച്ചെലവുണ്ടായിട്ടുണ്ട്.

| ക്രമ നം | പ്രവൃത്തി, കരാർ | ആകെ ചെലവ് | ബിൽ /ചെക്ക് നം തീയതി |
|---|---|---|---|
| 1 | 198/18-19 മുത്തപ്പൻ പുഴ സബ്സെന്റർ നവീകരണം AE/26/17-18/29.12.2018 കരാറുകാരൻ-ശ്രീ.മോഹനൻ .പി | 184032 | 24/18-19/23.8.2018 |
| 2 | 189/18-19 പുന്നക്കൽ താനപ്പനാൽ പടി നാല് സെന്റ് കോളനി റോഡ് AE/64//17-18/30.01.2018 കരാറുകാരൻ-ശ്രീ.ഷൈജു.എ.പി | 480000 | 13/18-19/29.6.2018 |
| 3 | 226/18-19 കണ്ണന്താനം പടി പാറത്തോട് റോഡ് AE/69/17-18/12.12.2018 കരാറുകാരൻ-ശ്രീ.ഷൈജു.എ.പി | 330000 | 14/18-19/29.6.2018 |
| 4 | 227/18-19 പാലക്കടവ് തുമ്പക്കോട് ശ്രീകൃഷ്ണ ക്ഷേത്രം റോഡ് AE/66//17-18/30.01.2018 കരാറുകാരൻ-ശ്രീ.ഷൈജു.എ.പി | 330000 | 16/18-19/29.6.2018 |
| 5 | 208/18-19 താഴെ തിരുവമ്പാടി പാതിരാമണ്ണ് റോഡ് AE/44//17-18/18.01.2018 കരാറുകാരൻ-ശ്രീ.സിനോ ജോസഫ് | 250000 | 11/18-19/29.6.2018 |

| | | | |
|---|---|---|---|
| 6 | 230/18-19 പാറ മണ്ണിൽ ചോലയിൽ റോഡ്<br>AE/46/17-18/18.01.2018<br>കരാറുകാരൻ-ശ്രീ.സിനോ ജോസഫ് | 430000 | 10/18-19/29.6.2018 |
| 7 | 195/18-19<br>താഴെ തിരുവമ്പാടി അങ്കണവാടി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ<br>AE/35/17-18/03.01.2018<br>കരാറുകാരൻ-ശ്രീ.ജഗീഷ് കുമാർ | 93256 | 26/18-19/29.9.2018 |
| 8 | 184/18-19<br>മാവാതുക്കൽ ചെറുശ്ശേരി റോഡ്<br>റീ ടാറിങ്ങ്<br>AE/57/17-18/29.01.2018<br>കരാറുകാരൻ-ശ്രീ.മുഹമ്മദ് ബഷീർ | 175421 | 01/18-19/29.5.2018 |
| 9 | 185/18-19 വടക്കേ മുരിക്കം തൊടി കോടക്കാട്ടു പാറ റോഡ് റീ ടാറിങ്ങ്<br>AE/56/17-18/29.01.2018<br>കരാറുകാരൻ-ശ്രീ.മുഹമ്മദ് ബഷീർ | 196393 | 04/18-19/29.5.2018 |
| 10 | 225/18-19 ആനക്കാം പൊയിൽ കാവുങ്കല്ലേൽ റോഡ് റീ ടാറിങ്ങ്<br>AE/83/17-18/31.03.2018<br>കരാറുകാരൻ-ശ്രീ.ജമാൽ .ഇ | 435000 | 19/18-19/29.6.2018 |
| 11 | 202/18-19 പാറപ്പുറം തിരുവമ്പാടി മണ്ടാം കടവ് പാത്ത് വേ<br>AE/47/17-18/18.01.2018<br>കരാറുകാരൻ-ശ്രീ.സിനോ ജോസഫ് | 314013 | 85/18-19/27.03.19 |

| | | | |
|---|---|---|---|
| 12 | 229/18-19 തൊണ്ടിമ്മൽ സ്കൂൾ ഇരന്നം കുഴി മയിലാടൻ പാറ റോഡ് AE/45/17-18/18.01.2018 കരാറുകാരൻ-ശ്രീ.സിനോ ജോസഫ് | 430000 | 86/18-19/27.3.2018 |
| 13 | 190/18-19 പോലീസ് സ്റ്റേഷൻ പാണ്ടിക്കാട് തോട്ടത്തിൻ റോഡ് AE/84/17-18/31.03.2018 കരാറുകാരൻ-ശ്രീ.സണ്ണി ആക്കേൽ | 343920 | 60/18-19/16.03.19 459588/1.2.19 |
| 14 | 182/18-19 അമൃത വാഹിനി ആദിവാസി കോളനി റോഡ് ടാറിങ്ങ് AE/53/17-18/29.01.2018 കരാറുകാരൻ-ശ്രീ.മുഹമ്മദ് ബഷീർ | 51905 | 02/18-19/29.5.2018 |
| 15 | 206/18-19 ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം AE/81/17-18/07.03.2018 കരാറുകാരൻ-ശ്രീ.ജോർജ്.പി.വി | 845887 | 50.51/18-19/26.12.18 6286599/14.01.19 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (16/2018-19 തീയതി 09.03.20) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാർക്ക് കോസ്റ്റ് ഇൻഡക്സ് ഇനത്തിൽ അധികം നൽകിയ തുക കരാറുകാരിൽ തിരികെ ഈടാക്കേണ്ടതാണ്.

## 1-21 ക്ഷീര ഗ്രാമം പദ്ധതി നടത്തിപ്പ് - മാർഗ്ഗരേഖ പാലിച്ചില്ല.

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ 'ക്ഷീരഗ്രാമം വനിത ജനറൽ' എന്ന പദ്ധതി (നമ്പർ 124/19) നടപ്പാക്കിയതിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

ആകെ ചെലവ്: 11,55,000/- (ബിൽ നം 2/19.3.19 3,00,000/-; നം.3/19.3.19 6,05,000/- [plan]:2,50,000/- [dist panchayat] )

ഗ്രാമപഞ്ചായത്തിലെ 42 വനിതകൾക്ക് കറവ പശുക്കളെ വാങ്ങുന്നതിനുള്ള ധനസഹായം ലഭ്യമാക്കുന്നതാണ് പ്രൊജക്ട്. ബാങ്ക് വായ്പ ലഭ്യമാക്കി 55,000/- രൂപ വരെ വിലയുള്ള പശുക്കളെ പർച്ചേസ് കമ്മിറ്റി മുഖേന വാങ്ങി രേഖകൾ ഹാജരാക്കുമ്പോൾ ബാക്ക് എൻഡ് സബ്സിഡിയായി പരമാവാധി 50% അതായത് 27,500/-രൂപ വായ്പ ലഭ്യമാക്കിയ ബാങ്കിലേക്ക് അനുവദിക്കുന്നതിന് പ്രൊജക്ട് ലക്ഷ്യമിടുന്നു.

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 42 ഗുണഭോക്താക്കൾക്ക് 27,500/- രൂപ നിരക്കിൽ ബാങ്കിലേക്ക് ധനസഹായം അനുവദിക്കുകയുണ്ടായി. ഗുണഭോക്താവ് പശുവിനെ വാങ്ങിയതുമായി ബന്ധപ്പെട്ട വിലച്ചീട്ട് പ്രകാരം വില്പനക്കാരൻ ഗുണഭോക്താവിൽനിന്നും പണം കൈപ്പറ്റിയതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖ, സർക്കാർ ഉത്തരവ് (കൈ)നമ്പർ 22/2018 ത.സ്വ.ഭ.വ തീയ്യതി 14.02.2018 ലെ ഖണ്ഡിക 6.2 പ്രകാരം ഉരുക്കളെ ആരുടെ പക്കൽ നിന്നാണോ വാങ്ങുന്നത് അവരുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് തുക നൽകേണ്ടത്. എന്നാൽ പ്രസ്തുത നിബന്ധന പാലിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നമ്പർ 11/19,9-3-20) മറുപടിയിൽ മാർഗ്ഗരേഖയിലെ പ്രസ്തുത നിബന്ധന പ്രായോഗികമല്ല എന്നാണറിയിച്ചിട്ടുള്ളത്. സർക്കാർ പുറപ്പെടുവിച്ച മാർഗരേഖയിലെ വ്യവസ്ഥകൾ പ്രായോഗികമല്ലെങ്കിൽ ഭേദഗതി വരുത്താൻ പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാരിലേക്കാണ് അപേക്ഷിക്കേണ്ടത്. സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാതെ തുക ചെലവഴിച്ചതിനാൽ 11,55,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## **1-22** വാഴകന്ന് വിതരണം-പദ്ധതി നടപ്പാക്കിയതിൽ ന്യൂനതകൾ

പ്രൊജക്ട് നമ്പർ :126/19

അടങ്കൽ :3,99,400/- (വികസന ഫണ്ട്)

ചെലവ് : 3,99,342/-

ബിൽ നം,4/5.11.18:5,96,250/-

ചെറുകിട നാമമാത്രമായ കർഷകർ ഗ്രൂപ്പ് അംഗങ്ങൾ എന്നിവർക്കാണ് വാഴകന്നുകൾ വിതരണം ചെയ്യുന്നതിന് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി പ്രകാരം വി.എഫ്.പി.സി.കെ എന്ന സ്ഥാപനത്തിൽ നിന്നും, ആഗ്രോ സർവ്വീസ് സൊസൈറ്റി എന്നിവയിൽ നിന്നുമായി 24,962 രൂപക്ക് കന്നുകൾ വാങ്ങുകയുണ്ടായി. 2018-19 -ലെ ഗുണഭോക്തൃ പട്ടികയിൽ ആകെ ഉള്ളവർക്കായി ശരാശരി 90 എണ്ണം വരത്തക്കരീതിയിൽ തൈകൾ വിതരണം നടത്തിയതായുള്ള കൈപ്പറ്റ് രേഖയും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1. ജി.ഒ(എം.എസ്) 22/2018/ത.സ്വ.ഭ.വ 14.02.2018. സബ്സിഡി മാർഗ്ഗ രേഖ പ്രകാരം സ്ഥല വിസ്തൃതിക്കനുസരിച്ചായിരിക്കണം വിത്തുകളും തൈകളും വിതരണം നടത്തേണ്ടത് .എന്നാൽ പ്രസ്തുത ഘടകം ഇവിടെ പരിഗണിച്ചിട്ടില്ല.
2. തൈകൾ വിതരണം ചെയ്തതിന്റെ മാനദണ്ഡം വ്യക്തമല്ല. 14 സെന്റ് സ്ഥലമുള്ളയാൾക്കും 98 സെന്റ് സ്ഥലമുള്ളയാൾക്കും 75 വാഴക്കന്നുകൾ വീതം നൽകിയപ്പോൾ 5.65 സെന്റ് സ്ഥലമുള്ളയാൾക്ക് 100 വാഴക്കന്നുകൾ നൽകിയിട്ടുണ്ട്. കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണം പരിഗണിക്കാതെ വിതരണം നടത്തിയതിന്റെ ഉദാ. താഴെ ചേർക്കുന്നു.

| പേര് | വാർഡ് | ഗുണ.ക്രമ | വിതരണം ചെയ്ത | സ്ഥലവിസ്തീർണ്ണം. |
|---|---|---|---|---|

| | നം | നം | എണ്ണം | സെന്റിൽ |
|---|---|---|---|---|
| സുബ്രമണ്യൻ | 10 | 7 | 75 | 98 |
| മാത്യുതോമസ് | 17 | 38 | 75 | 14 |
| മാണി.വി.ടി | 17 | 32 | 75 | 92 |
| ജോസഫ് | 9 | 16 | 75 | നികുതി ശീട്ടില്ല. |
| ഹസ്സൻ | 9 | 2 | 100 | 5.65 |
| ജോസ് അഗസ്റ്റിൻ | 17 | 42 | 75 | 10 |

3. വിതരണ രജിസ്റ്ററിൽ കന്നുകൾ വിതരണം ചെയ്ത തീയ്യതി രേഖപ്പെടുത്തിയില്ല.
4. ഗുണഭോക്താക്കൾ കന്നുകൾ വേണ്ട വിധം നട്ട് പരിപാലിച്ചതായി പരിശോധന നടത്തിയോ എന്നും വ്യക്തമല്ല. ഗുണഭോക്തൃ ലിസ്റ്റിൽ പെട്ടതെങ്കിലും യാതൊരു മാനദണ്ഡവും പാലിക്കാതെ നിരവധി പേർക്കായി വീതിച്ച് തൈകൾ വിതരണം ചെയ്ത കാരണത്താൽ കൃഷിയുടെ പുരോഗതി പരിശോധന വിധേയമാക്കാത്തതിനാലും ഉൽപ്പാദന വർദ്ധനവ് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. പ്രാദേശിക സാമ്പത്തിക വികസനം ഉറപ്പാക്കുന്ന സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് കാർഷിക ഇടപെടൽ നടത്താത്തതിനാൽ പ്രൊജക്ടുകൾ കൊണ്ടുള്ള ഉൽപാദന വർദ്ധനവ്, സാമ്പത്തിക പുരോഗതി എന്നിവ വിലയിരുത്താൻ സാധിക്കാത്തതാകുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നമ്പർ 31/19,9-3-20) മറുപടിയിൽ പ്രസ്തുത കൃഷി സ്ഥലങ്ങളിൽ പോകാറുണ്ടെന്നും കന്നുകൾ അധികമായി നൽകാറുണ്ടെന്നും അറിയിച്ചിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ച രേഖകൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. വസ്തുക്കൾ കൈപ്പറ്റിയതിന്റെ തീയതി രേഖപ്പെടുത്താൻ ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്നും അറിയിക്കുകയുണ്ടായി.
മേൽപറഞ്ഞ ന്യൂനതകൾ സംബന്ധിച്ച് തുടർന്നുള്ള ഓഡിറ്റിൽ നിരീക്ഷക്കുന്നതാണ്.

# 1-23 പാലിയേറ്റീവ് പരിചരണം- സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഹോംകെയർ ടീമിന്റെ നേതൃത്വത്തിൽ മികച്ച രീതിയിൽ നടന്നിട്ടുണ്ട്. ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിവരുന്ന നിലയിൽ വീടുകളിൽ ദുരിതമനുഭവിക്കുന്ന വിഭാഗങ്ങളെ കണ്ടെത്തി അവർക്ക് മെച്ചപ്പെട്ട പരിചരണവും സാന്ത്വനവും നൽകാൻ ഹോം കെയർ സംവിധാനം നന്നായിത്തന്നെ പ്രവർത്തിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ചയുണ്ടായി എന്നാണ് പരിശോധനയിൽ ബോധ്യപ്പെട്ടത്. ആയത് ചുവടെ ചേർക്കുന്നു.

1) വിവിധ കമ്മിറ്റികളുടെ പ്രവർത്തനം

എ) പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റ് ചെയർപേഴ്സണായി രൂപീകരിക്കേണ്ട കമ്മിറ്റിയാണിത്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. ഓഡിറ്റ് വർഷത്തിൽ 11/7/2018, 21/11/2018, 26/3/2019 എന്നീ തിയ്യതികളിൽ 3 തവണ മാത്രമാണ് കമ്മിറ്റി യോഗം ചേർന്നത്. രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന വ്യവസ്ഥ ഇവിടെ പാലിച്ചിട്ടില്ല. യോഗങ്ങളിൽ മെമ്പർ സെക്രട്ടറി ഓരോ മാസത്തേയും പ്രവർത്തന - അവലോകന റിപ്പോർട്ടും, വരവ് ചെലവ് കണക്കും രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. കൂടാതെ ദ്വൈമാസയോഗത്തിൽ വെച്ച് അടുത്ത രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കേണ്ടതും അംഗീകരിക്കേണ്ടതുമാണ്. സ.ഉ.(സാധാ)3217/2015/ത.സ്വ.ഭ.വ. തി. 29.10.2015ഖ.2-3-2 കാണുക.

(ബി) പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് കൊണ്ട് പോകുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായി ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റി എല്ലാമാസവും അഞ്ചാം തിയ്യതിക്ക് മുൻപ് യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. (മേൽ ഉത്തരവ് ഖ.2-4-1കാണുക) എന്നാൽ ഇങ്ങനെ ഒരു കമ്മിറ്റി ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല.

2)സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ചുമതല

ഗ്രാമപഞ്ചായത്തുകളിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും അവയുടെ യോഗ അജണ്ടകളിൽ പാലിയേറ്റീവ് കെയർ ഒരു ഇനമായി ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ടതാണ്. ആരോഗ്യവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ മോണിറ്ററിംഗ് നടത്തുന്ന വർക്കിംഗ് ഗ്രൂപ്പ് പാലിയേറ്റീവ് കെയർ പ്രോജക്ടും മോണിറ്ററിംഗ് നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സ.ഉ.(സാധാ)3217/2015/ത.സ്വ.ഭ.വ. തി. 29.10.2015ഖ.2-11-4 കാണുക. എന്നാൽ പാലിയേറ്റീവ് കെയർ പ്രോജക്ടുമായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിലെ കമ്മിറ്റികളുടെ മിനിട്സ് പരിശോധിച്ചതിൽ ഇത്തരത്തിലുള്ള ചർച്ചകൾ നടന്നതായോ തീരുമാനങ്ങളെടുത്തതായോ കാണുന്നില്ല. പാലിയേറ്റീവ് കെയർ സംഘടനാ സംവിധാനം ശക്തമാക്കി പദ്ധതിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-24 ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്നു വാങ്ങൽ - മരുന്നു ലഭ്യമാക്കുന്നതിൽ കാലതാമസം

പ്രൊജക്റ്റ് നം. : 136/19

അടങ്കൽ : 2,00,000/-രൂപ

ചെലവു തുക : 2,00,000/-രൂപ (ബിൽ നം.1/18-19/22.11.2018

നിർവ്വഹണം : ഹോമിയോ മെഡിക്കൽ ഓഫീസർ

തിരുവമ്പാടി ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന വാങ്ങുന്നതിന് മേൽ പ്രൊജക്ട് പ്രകാരം 2,00,000/-രൂപ ഹോംകോക്ക് നൽകിയിട്ടുണ്ട്. മരുന്നിന്റെ വില മുൻകൂറായി നൽകി ഒരു വർഷത്തോളം പിന്നിട്ടതിനുശേഷമാണ് മരുന്നുകൾ ലഭ്യമാക്കിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഒടുക്കിയ തുക | തീയതി | മരുന്ന ലഭിച്ച ഇൻവോയ്സ് നം./തീയതി | മരുന്നിന്റെ വില | മരുന്ന ലഭിക്കുന്നതിലെ കാലതാമസം |
|---|---|---|---|---|
| 200000 | 23.11.2018 | LF-1171/24.10.2019 | 112555 | 11 മാസം |
| | | LF-1864/11.1.2020 | 87445 | 14 മാസം |

1. മരുന്നിന്റെ വില ഒടുക്കി 11 മാസം പിന്നിട്ടതിനുശേഷം 112555/-രൂപയുടെ മരുന്നും, 14 മാസത്തോളം പിന്നിട്ടപ്പോൾ 87445/-രൂപയുടെ മരുന്നുമാണ് ലഭ്യമായിട്ടുള്ളത്. മരുന്നുകൾ ലഭ്യമാക്കുന്നതിൽ വളരെ കാലതാമസം ഉണ്ടായിട്ടുണ്ട്. എന്നാൽ ഇത്രയും കാലതാമസം വരുത്തിയിട്ടും മരുന്നുകൾ ലഭ്യമാക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിററി, എന്നിവരുടെ ഭാഗത്തു നിന്നും യാതൊരു ഇടപെടലും ഉണ്ടായിട്ടില്ലെന്ന് മിനുട്സ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.
2. തുക മുൻകൂറായി അനുവദിക്കുമ്പോൾ സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരം ബന്ധപ്പെട്ട സ്ഥാപനവുമായി കരാറിലേർപ്പെടേണ്ടതാണ്. എന്നാൽ 2,00,000/-രൂപ മുൻകൂറായി നൽകിയപ്പോൾ ഹോംകോയുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാർ ഒപ്പുവെച്ചതായി കാണുന്നില്ല.

വിഷയ മേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് കമ്മിറ്റിയായി പ്രവർത്തിച്ച് പ്രൊജക്ട് നിർവ്വഹണം ഫലപ്രദമായി മോണിട്ടർ ചെയ്യേണ്ടതും അടിയന്തിര ഘട്ടങ്ങളിൽ ഇടപെടലുകൾ നടത്തേണ്ടതുമാണ്. പദ്ധതി നിർവ്വഹണ വേളയിൽ സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 സംയുക്ത പ്രൊജക്ടുകളുടെ നിർവ്വഹണം - മാർഗ്ഗ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച

ഗ്രാമപഞ്ചായത്ത് നിർവ്വഹണം നടത്തുന്ന വിവിധ സംയുക്ത പ്രൊജക്ടുകൾക്കായി ലഭ്യമായ ബ്ലോക്ക് വിഹിതവും, ജില്ലാപഞ്ചായത്ത് വിഹിതവും ട്രഷറിയിലെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ നീക്കിയിരിപ്പുള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ പേര് | നീക്കിയിരിപ്പ് | | |
|---|---|---|---|
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ജില്ലാപഞ്ചായത്ത് വിഹിതം | ആകെ |
| ലൈഫ് മിഷൻ | 340000 | 67562 | 407562 |

| | | | |
|---|---|---|---|
| ഭവന പദ്ധതി (എസ്.സി.) | | | |
| ലൈഫ് മിഷൻ ഭവന പദ്ധതി (ജനറൽ) | 20008 | --- | 20008 |
| ശ്മശാനം നിർമ്മാണം | 83370 | --- | 83370 |
| ലൈഫ് മിഷൻ ഭവന പദ്ധതി (എസ്.ടി.) | 68000 | ---- | 68000 |
| ഖരമാലിന്യ സംസ്കരണം | 816630 | ----- | 816630 |
| ആകെ | 1328008 | 67562 | 1395570 |

സംയുക്ത പ്രൊജക്ടുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ജി.ഒ.(പി) നം.7/2017/ഫിൻ./തീ.23.1.2017 പ്രകാരം സർക്കാർ പുറപ്പെടുവിച്ച പുതുക്കിയ മാർഗ്ഗരേഖ ഖണ്ഡിക (v) പ്രകാരം, പദ്ധതി നടപ്പാക്കുന്ന തദ്ദേശഭരണ സ്ഥാപനം പദ്ധതിയുടെ പുരോഗതി ഫെബ്രുവരി അവസാനത്തോടെ വിലയിരുത്തേണ്ടതാണ്. തുക പൂർണ്ണമായും തൻവർഷം തന്നെ ചെലവഴിക്കപ്പെടുന്നില്ലെങ്കിൽ ഫെബ്രുവരി 28 ന മുമ്പായി പ്രസ്തുത ഫണ്ട് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. ഖണ്ഡിക (vi) പ്രകാരം, പദ്ധതി നടപ്പിലാക്കുന്ന തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലെ ചെലവ് ട്രഷറി അക്കൗണ്ടുമായി പൊരുത്തപ്പെടുത്തേണ്ടതും മാറാത്ത ചെക്കുകൾക്ക് തുല്യമായ തുക നിലനിർത്തി ബാക്കി തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതുമാണ്.

എന്നാൽ മേൽപറഞ്ഞ പ്രൊജക്ടുകൾക്കായി ബ്ലോക്ക്പഞ്ചായത്ത്/ജില്ലാപഞ്ചായത്ത് ലഭ്യമാക്കിയ വിഹിതത്തിൽ ചെലവഴിക്കാതെ നീക്കിയിരിപ്പുള്ള തുക സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരം തിരിച്ചടച്ചതായി കാണുന്നില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/18-19/7.3.2020) മറുപടി ലഭിച്ചിട്ടില്ല. പ്രസ്തുത തുക തുടർവർഷ പ്രൊജക്ടുകളിൽ ഉൾപ്പെടുത്തി വിനിയോഗിച്ചിട്ടില്ലെങ്കിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 1-26 ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കിയതിലെ അപാകതകൾ

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തിൽ നടപ്പിലാക്കിയിട്ടുള്ള ഭവന നിർമ്മാണ പദ്ധതികളിലെ അപാകതകൾ ചുവടെ ചേർക്കുന്നു

| പദ്ധതി | വകയിരുത്തിയ തുക | ചെലവ് | റിമാർക്ക്സ് |
|---|---|---|---|
| എസ്.ഒ 177/19 (സ്പിൽ ഓവർ) ഉരുൾ പൊട്ടലിൽ വീട് നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിച്ച് നൽകൽ | 6,00,000 | 3,00,000 | 2012 ലെ ഉരുൾ പൊട്ടലിൽ വീട് നഷ്ടപ്പെട്ടവർക്കായി വീട് നിർമ്മിക്കുന്നതിനായി സംഭാവനയായി ലഭിച്ച 14,67,447 രൂപയിൽ നിന്ന് 7 പേർക്ക് ഭവനനിർമ്മാണം നടത്തുന്നതിന് 20.8.15 ലെ 269530/ഡിബി1/15/ തസ്വഭവ പ്രകാരം അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇതിൽ 2 ഗുണഭോക്താക്കൾ മാത്രമാണ് വീട് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്. ശ്രീ.ബിനോയി ആലപ്പാട്ട് 20,000 രൂപയും. ശ്രീമതി.ഭാനുമതി വെള്ളമാവുങ്കൽ 80,000 രൂപയും കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല. മറ്റ് 3 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് |
| എസ്.ഒ 180/19 - ലൈഫ് ഭവന പദ്ധതി പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം | 2,60,000 | 20,000 | ലൈഫ് ഒന്നാം ഘട്ട പദ്ധതിയിൽ ഉൾപ്പെട്ട 3 ഗുണഭോക്താക്കൾക്ക് ഭവന പൂർത്തീകരണത്തിനായുള്ള പദ്ധതിയാണിത്. ഒരു ഗുണഭോക്താവ് മാത്രം ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശ്രീ.ശിവൻ കല്ലുങ്കൽ, ശ്രീമതി. രാധ സഹദേവൻ എന്നിവർ 52,500 രൂപ വീതം കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| എസ്.ഒ 287/19 - ലൈഫ് ഭവന പദ്ധതി (എസ്.ടി) | 6,00,000 | 0 | ലൈഫ് രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെട്ട 3 ഗുണ ഭോക്താക്കൾക്കു വേണ്ടിയുള്ള പദ്ധതിയാണിത്. ഇതിൽ ഒരാൾ |

| | | | |
|---|---|---|---|
| | | | മരണപ്പെടുകയും ഒരാൾക്ക് എസ്.ടി വകുപ്പ് വഴി വീട് ലഭിയ്ക്കുകയും ചെയ്തിട്ടുണ്ട്. ശ്രീമതി.ഗിരിജാ ഗോപാലൻ എന്ന എസ്.ടി ഗുണഭോക്താവിന് വീട് നൽകാത്തതിന് കാരണം വിശദീകരിയ്ക്കേണ്ടതാണ്. |
| എസ്.ഒ 134/19<br>ലൈഫ് മിഷൻ ഭവന പദ്ധതി | 3,48,00,000 | 1,15,40,000 | 52 ഗുണഭോക്താക്കളിൽ നിലവിൽ 2 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ശ്രീമതി. സഫീറ അലി 2,00,000 രൂപയും ശ്രീമതി മേരി കല്ലു പറമ്പ് 3,00,000 രൂപയും കൈപ്പറ്റിയിട്ടുണ്ട് |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-27 ലക്ഷ്യം കൈവരിയ്ക്കാത്ത പദ്ധതികൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള താഴെ പറയുന്ന പദ്ധതികൾ ആയവയുടെ ലക്ഷ്യം കൈ വരിച്ചിട്ടില്ല. പഞ്ചായത്തിലെ പൊതു ശ്മശാനം മാലിന്യ ശേഖരണ സംസ്കരണ കേന്ദ്രം എന്നിവയ്ക്കായി താഴെ കാണിച്ച പ്രകാരം പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുണ്ടെങ്കിലും ആയവ ലക്ഷ്യം കൈവരിച്ചിട്ടില്ല.

| പദ്ധതി | വകയിരുത്തിയ തുക | ചെലവ് | റിമാർക്ക്സ് |
|---|---|---|---|
| എസ്.ഒ 206/19 (സ്പിൽ ഓവർ)<br>ഗ്യാസ് ക്രിമിറ്റോറിയം നിർമ്മാണം | 1200000 | 845887 | കെട്ടിട നിർമ്മാണം പൂർത്തീയായെങ്കിലും ക്രിമിറ്റോറിയം പ്രവർത്തിയ്ക്കാൻ തുടങ്ങിയിട്ടില്ല. |
| | വികസന ഫണ്ട്- 400000 | (400000<br>ബിൽ 50/26.12.18 | |
| | ധനകാര്യ കമ്മീഷൻ ഫണ്ട്-100000 | 100000<br>ബിൽ-51/26.12.18 | |
| | സംസ്ഥാനാവിഷ്കൃത ഫണ്ട്- 250000 | 0 | |
| | ബ്ലോക്ക് വിഹിതം – 450000 | 345887<br>ചെക്ക്-6286599/14.01.2019 | |

| | | | |
|---|---|---|---|
| എസ്.ഒ 221/19 (സ്പിൽ ഓവർ)<br>പൊതു ശ്മശാനം നിർമ്മാണം | 2000000<br>സംസ്ഥാനാവിഷ്കത ഫണ്ട്- 1000000<br>ബ്ലോക്ക് വിഹിതം-1000000 | 570743<br>0<br>570743<br>ചെക്ക്-6286596/ 18.12.18 | റോഡ്, കോമ്പൗണ്ട് വാൾ എന്നിവ നിർമ്മിച്ചിട്ടുണ്ടെങ്കിലും പൊതു ശ്മശാനം പ്രവർത്തന സജ്ജമല്ല. |
| എസ്.ഒ 272/19<br>പോതു ശ്മശാനം മാലിന്യ സംസ്കരണ കേന്ദ്രം അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ | 200000<br>ധനകാര്യ കമ്മീഷൻ ഫണ്ട്- 150000<br>തനത് ഫണ്ട്- 50000 | 0 | പദ്ധതി തൻവർഷം നടപ്പാക്കിയിട്ടില്ല. |
| എസ്.ഒ 220/19 (സ്പിൽ ഓവർ)<br>ക്ലീൻ തിരുവമ്പാടി (റിസോഴ്സ് റിക്കവറി സെന്റർ നിർമ്മാണം കോമ്പൗണ്ട് വാൾ നിർമ്മാണം | 1200000<br>സംസ്ഥാനാവിഷ്കത ഫണ്ട്- 300000<br>ബ്ലോക്ക് വിഹിതം- 500000<br>മറ്റുള്ളവ -400000 | 483370<br>(300000<br>ചെക്ക്-1540606/ 12.03.19<br>183370<br>ചെക്ക്-1434805/ 12.03.19) | കെട്ടിട നിർമ്മാണവും യന്ത്ര ഉപകരണങ്ങൾ സ്ഥാപിക്കലും ബ്ലോക്ക് പഞ്ചായത്ത് പൂർത്തിയാക്കിയെങ്കിലും മാലിന്യ സംസ്കരണ കേന്ദ്രം പ്രവർത്തനം തുടങ്ങിയിട്ടില്ല. ഈ പദ്ധതിയിൽ സംരക്ഷണ മതിൽ ഉണ്ടാക്കുകയാണ് ചെയ്തത്. |
| എസ്.ഒ 284/19 | 550000 | 0 | 8.3.19 കരാർ വെച്ച് 3 മാസം കൊണ്ട് |

| | | | |
|---|---|---|---|
| എം.സി.എഫ് സെന്റർ വിപുലീകരണം | ധനകാര്യ കമ്മീഷൻ ഫണ്ട് | | പൂർത്തിയാക്കേണ്ട പ്രവൃത്തി 24.12.2019 നാണ് പൂർത്തീകരിച്ചത്. സ്ഥല സന്ദർശനം നടത്തിയതിൽ വെയ്സ്റ്റുകൾ വേർതിരിക്കാൻ വേണ്ടി നിർമ്മിച്ചിട്ടുള്ള ഈ കെട്ടിടം ഉപയോഗിക്കാൻ തുടങ്ങിയിട്ടില്ല |
| 2018-19 ലെ ആകെ ചെലവ് | | 1900000 | |

മാലിന്യ സംസ്കരണത്തിനും പൊതു ശ്മശാനം നിർമ്മിക്കുന്നതിനുമായി മേൽ കാണിച്ച പ്രകാരം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും അവയൊന്നും ലക്ഷ്യം കൈവരിച്ചിട്ടില്ല. 07.03.2020 ന് സ്ഥല സന്ദർശനം നടത്തി. പഞ്ചായത്തിലെ വിവിധ സ്ഥലത്തുനിന്ന് ഹരിത കർമ്മസേന വഴി ശേഖരിച്ചിട്ടുള്ള മാലിന്യങ്ങൾ പ്രസ്തുത സ്ഥലത്ത് കൂമ്പാരമായി കൂട്ടിയിട്ടിരിക്കുന്ന അവസ്ഥയിലാണ്. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ അതിനായി നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിലല്ല സൂക്ഷിച്ചിട്ടുള്ളത്. മാലിന്യ സംസ്കരണത്തിനായി വാങ്ങിയിട്ടുള്ള ഉപകരണങ്ങൾ പ്രവർത്തിപ്പിയ്ക്കാൻ തുടങ്ങിയിട്ടില്ല. പഞ്ചായത്തിന്റെ പഴയ ശ്മശാനത്തോട് ചേർന്നാണ് പുതിയ എം.സി.എഫ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. പുതിയ ശ്മശാനത്തിൽ യന്ത്രങ്ങൾ ഘടിപ്പിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല .

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/ 18-19 തിയ്യതി 09.03 .2020 ) മറുപടി ലഭ്യമാക്കിയിട്ടില്ല. എക്സിറ്റ് മീറ്റിങ്ങിൽ വച്ച് പദ്ധതികൾ ഉടൻ പ്രവർത്തനമാരംഭിയ്ക്കുമെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനമാരംഭിയ്ക്കുന്നത് വരെ ചെലവഴിച്ച തുക തടസ്സത്തിൽ വയ്ക്കുന്നു.

## 1-28 ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും -വിശദാംശങ്ങളില്ല.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിൽ രൂപീകരിച്ച ദുരിതാശ്വാസ നിധിക്കു വേണ്ടി തിരുവമ്പാടി സർവ്വീസ് സഹകരണ ബാങ്ക്, തിരുവമ്പാടി ബ്രാഞ്ചിൽ ആരംഭിച്ച 6350 നമ്പർ അക്കൌണ്ടിൽ 2004-ൽ മുന്നിരിപ്പായി 1000 രൂപയും 28.6.2019-ന് 612,719 രൂപയും ബാങ്ക് പാസ്ബുക്ക് പ്രകാരം

നീക്കിയിരിപ്പുണ്ട്. ബാങ്കിൽ 2018-19 ൽ മാത്രം 340,000/- രൂപ പിൻവലിച്ചിട്ടുണ്ട്. ദുരിതാശ്വാസ നിധിയുടെ രജിസ്റ്ററുകളുടെ സൂക്ഷിപ്പുമായി ബന്ധപ്പെട്ട മറ്റു അപാകതകൾ താഴെ കൊടുക്കുന്നു.

1. 30.10.2004 ലെ ജി.ഒ.(ആർ.ടി)3803/04/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ നിഷ്കർഷിച്ച മാതൃകയിൽ ഒരു കാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല.
2. നിധിയിൽ നിന്നുള്ള ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളെ സംബന്ധിച്ച വിവരം, അനുവദിക്കപ്പെട്ട ധനസഹായം എന്നിവ രേഖപ്പെടുത്തുന്നതിന് ഒരു രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.
3. നിധിയിൽ നിന്ന് ധനസഹായത്തിനായി അപേക്ഷിച്ചവരുടെയും ധനസഹായം ലഭിച്ചവരുടെയും നിധിയിലേക്ക് സംഭാവന നൽകിയവരുടെയും പേരു വിവരങ്ങളും തുകയും മറ്റ് കണക്കുകളും സൂക്ഷിച്ചതിന്റെയും ഗ്രാമസഭകളിൽ അറിയിച്ചതിന്റെയും രേഖകളില്ല.
4. നിധിയെ സംബന്ധിച്ച എല്ലാ വരവു ചെലവു കണക്കുകളും സെക്രട്ടറി എല്ലാ മാസവും കൗൺസിൽ മുമ്പാകെ സമർപ്പിച്ചതിന്റെ വിശദാംശങ്ങളില്ല.
5. നിധിയിൽ നാളിതുവരെ ലഭിച്ച വരവിന്റെ വിശദാംശങ്ങളില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പറഞ്ഞ ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട ചട്ടത്തിൽ പറഞ്ഞ മുഴുവൻ രേഖകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

# 1-29 പൊതു മരാമത്ത് പ്രവൃത്തികൾ- നടത്തിപ്പിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പഞ്ചായത്തിലെ പൊതു മരാമത്ത് പ്രവൃത്തികളിൽ താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. **പൊതു മരാമത്ത് പ്രവൃത്തി ബില്ലിൽ നിന്ന് അധികമായി ഓവർ ഹെഡ് ചാർജ് ഈടാക്കുന്നു**

പൊതു മരാമത്ത് പ്രവൃത്തികളിൽ പ്രൈസ് സോഫ്റ്റ്‌വെയർ വഴി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് പ്രവൃത്തികൾ നടപ്പാക്കുന്നത്. ഇപ്രകാരമുള്ള പ്രവൃത്തികളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയിരിക്കുന്നത് ജി.ഓ(ആർ.ടി)2480/ 2010/ തസ്വഭവ/29.07.2010 നമ്പർ ഉത്തരവ് പ്രകാരം 10% ഓവർഹെഡ് ചാർജ്ജും അതിന്മേൽ കരാറുകാരന്റെ 10% ലാഭവും ഉൾപ്പെടുത്തിയാണ്. MoRD സ്പെസിഫിക്കേഷൻ അനുസരിച്ച് തയ്യാറാക്കിയ സ്റ്റാൻഡേർഡ് ഡാറ്റാബുക്ക് പ്രകാരമുള്ള ഡാറ്റയെ അടിസ്ഥാനമാക്കിയാണ് PRICE LSGD ൽ MoRD പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയിരിക്കുന്നത്. സ്റ്റാൻഡേർഡ് ഡാറ്റാബുക്ക് തയ്യാറാക്കുന്നതിനുള്ള അടിസ്ഥാന സമീപനങ്ങളും പൊതു മാനദണ്ഡങ്ങളും വിവരിക്കുന്ന ആമുഖത്തിലെ ഖണ്ഡിക നം. 4 ൽ ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിന്റെ സാഹചര്യം വ്യക്തമാക്കുന്നുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പ്രവൃത്തികൾക്ക് 20% വും OH കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചുകൊണ്ടാണെന്ന് മേൽപറഞ്ഞ ഖണ്ഡികയിൽ സൂചിപ്പിക്കുന്നു. ഇവയിൽ പ്രധാനപ്പെട്ടവ പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, വൈദ്യുതി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള

ചെലവ്, സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്, ലേബർ നിയമ പ്രകാരമുള്ള ചെറിയ തോതിലുള്ള ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്, മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്, MoRD സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്, വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്, നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ് തുടങ്ങിയവയാണ്. ഗ്രാമപഞ്ചായത്തിന്റെ റോഡ് പ്രവൃത്തികൾ പരിഗണിക്കുമ്പോൾ മേൽപറഞ്ഞവ അപ്രസക്തവുമായ ഘടകങ്ങൾ ആണ്. ഗ്രാമപഞ്ചായത്തുകളുടെ പ്രത്യേക സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതായതു കൊണ്ടും ഇതുതന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രോജക്ട് ചെലവ് മാത്രം വരുമെന്നതിനാലും മേൽപറഞ്ഞ ചെലവുകൾ കരാറുകാരന് വഹിക്കേണ്ടി വരുന്നില്ല. എന്നാൽ വലിയ പ്രവൃത്തികൾക്കെന്ന പോലെ ഓവർഹെഡ് ചാർജ്ജ് പൂർണ്ണമായും (10%) നൽകുന്നത് അനർഹമാണ്. കൂടാതെ ഇത് പഞ്ചായത്തിന് വൻ സാമ്പത്തിക നഷ്ടവും ഉണ്ടാക്കുന്നു. ഈ സോഫ്റ്റ് വെയറിൽ തന്നെ തയ്യാറാക്കുന്ന MoRTH സ്പെസിഫിക്കേഷനിൽ റോഡ് നിർമ്മാണത്തിന് 5% ഓവർഹെഡ് ചാർജ്ജാണ് നല്കിവരുന്നത് . മേൽ സാഹചര്യത്തിൽ കരാറുകാർക്ക് ഓവർഹെഡ് ചാർജ്ജിനത്തിൽ അധിക തുക നൽകിയിട്ടുണ്ട്.

2.**കണക്ടിവിറ്റി മാപ്പില്ലാതെ റോഡു പ്രവർത്തികൾ നടപ്പിലാക്കുന്നു**

ജി.ഒ (എം.എസ്)11/2018/തസ്വഭവ/29.01.2018 നമ്പർ ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ 7-13 പ്രകാരം റോഡ് കണക്ടി വിറ്റി ഭൂ പടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കി അതി ന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ രൂപീകരിക്കേണ്ടത് പഞ്ചായത്ത് തൻവർഷം പൊതുമരാമത്ത് മേഖലയിൽ നടപ്പിലാക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ സമഗ്രമായ പദ്ധതികൾ തയ്യാറാക്കാതെ ചെറിയ ചെയിനേജിലുള്ള ധാരാളം പ്രവൃത്തികൾ നടപ്പിലാക്കിയത് മൂലം ഫണ്ട് വിനിയോഗം ഫലപ്രദമാകുന്നില്ല. കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിലല്ല പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. ഇത്തരത്തിൽ കണക്ടിവിറ്റി മാപ്പില്ലാതെ പദ്ധതി നടപ്പാക്കുന്നത് പ്രവൃത്തി നടത്തിപ്പിൽ വ്യക്തത ഇല്ലാതിരിക്കുന്നതിനും പ്രവൃത്തികളിൽ ഇരട്ടിപ്പ് ഉണ്ടാകുന്നതിനും പാഴ് ചെലവുണ്ടാകുന്നതിനും സാഹചര്യം ഉണ്ടാക്കുന്നു. കൃത്യമായ കണക്ടിവിറ്റിയില്ലാതെ സമഗ്ര പദ്ധതികൾ തയ്യാറാക്കാതെ ചെറിയ പദ്ധതികളാണ് തയ്യാറാക്കി നടപ്പിലാക്കുന്നത് .

3.**റോഡു റജിസ്റ്റർ ഹാജരാക്കിയില്ല**

പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള റോഡ് പ്രവൃത്തികൾ പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡിലാണോ എന്ന് പരിശോധിയ്ക്കാൻ റോഡ് റജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. .

4.**ആസ്തി റജിസ്റ്റർ പൂർണമല്ല.**

ആസ്തി രജിസ്റ്റർ കാലാനുസൃതമായി പരിഷ്ക്കരിച്ച് കാര്യക്ഷമമാക്കിയിട്ടില്ല പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികൾ പൂർണമായും ആസ്തി രജിസ്റ്ററിൽ ചേർത്തിയിട്ടില്ല. ഉദാഹരണം തൊണ്ടിമ്മൽ സ്കൂൾ ഇരന്നം കുഴി മയിലാടൻപാറ റോഡ്, മുത്തപ്പൻ പുഴ മേലെ മുത്തപ്പൻ പുഴ റോഡ് എന്നീ പേരിലുള്ള റോഡുകൾ പുതിയ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

5.**പ്രവൃത്തികളുടെ എണ്ണത്തിലുള്ള ബാഹുല്യം ഫണ്ട് നഷ്ടമാകുന്നതിനിടയാക്കുന്നു**

പഞ്ചായത്ത് തൻവർഷം 143 പൊതുമരാമത്ത് പ്രവൃത്തികൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ട് . ഇതിൽ 55 എണ്ണം നടപ്പിലാക്കിയിട്ടില്ല. ഈ പ്രവൃത്തികൾക്ക് വേണ്ടി വകയിരുത്തിയ തുകകൾ

പഞ്ചായത്തിന് നഷ്ടമായി. കൂടാതെ ഈ വർഷത്തെ ഫണ്ടിൽ നിന്ന് 47 സ്പിൽ ഓവർ പ്രവൃത്തികൾക്ക് തുക വകയിരുത്തി ചെലവഴിയ്ക്കേണ്ടതായി വന്നിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-30 ശമ്പളപരിഷ്കരണ കുടിശ്ശികക്കാനുപാതികമായുള്ള പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സ. ഉ (പി)7/2016/ഫിൻ തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി നൽകുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും 2018-19 ൽ രണ്ട് ഗഡുക്കൾ പണമായി നൽകുകയും ചെയ്തിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 48 (1)പ്രകാരം ജീവനക്കാരുടെ ശമ്പള വർദ്ധനവിന് ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് 4 ഗഡുക്കൾ നൽകിയെങ്കിലും ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയതായി കാണുന്നില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 01.04.2013 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതും, മേൽ കാലയളവിൽ ശമ്പള പരിഷകരണ കുടിശ്ശികയുടെ 4 ഗഡുക്കൾ നൽകിയതുമായ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

# 1-31 ഡിപ്പോസിറ്റ് പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തൽ അനിവാര്യം

ഗ്രാമപഞ്ചായത്ത് ഓഡിറ്റ വർഷം വിവിധ പ്രവൃത്തികൾക്കായി കേരള ജല അതോറിറ്റി, കെ.എസ്.ഇ.ബി, പി.ഡബ്ല്യൂ.ഡി., എന്നീ സ്ഥാപനങ്ങളിലായി ചുവടെ ചേർത്ത പ്രകാരം തുക ഡിപ്പോസിററ് ചെയ്തിട്ടുണ്ട്.

| ക്രമനം. | പ്രവൃത്തിയുടെ പേര്/പ്രൊജക്ട് നം. | ഡിപ്പോസിറ്റ് തുക | നിർവ്വഹണ ഏജൻസി | ബിൽ നം./ ചെക്ക് നം/ തീയതി |
|---|---|---|---|---|
| 1. | തെരുവ് വിളക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ | 97000 | കെ.എസ്.ഇ.ബി. | ബിൽ നം.279174/ 30.6.2018 |
| 2. | കാവാലം പടി പുത്തൻപുരപ്പടി പൈപ്പ് | 250000 | കേരള വാട്ടർ അതോറിറ്റി | ബിൽനം1301160/ 5.3.2019 |

| | | | | |
|---|---|---|---|---|
| | ലൈൻ ദീർഘിപ്പിക്കൽ | | | |
| 3. | ചേപ്പിലം കോട് എസ്.സി.കോളനി അംങ്കണവാടി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 15000 | കേരള വാട്ടർ അതോറിറ്റി | ബിൽ നം.1361652/ 13.3.2019 |
| 4. | പുതിയ ഗ്രാമപഞ്ചായത്ത് ഓഫീസ് വൈദ്യുതീകരണം അധിക തുക നൽകൽ | 68750 | പി.ഡബ്ല്യൂഡി. ഇലക്ട്രിക്കൽ സെക്ഷൻ | ചെക്ക് നം. 170612/9.5.2018 |
| 5. | താഴെ തിരുവമ്പാടി അങ്കണവാടി കുടിവെള്ളം എത്തിക്കൽ | 84000 | കെ.ഡബ്ല്യൂ.എ. | ബിൽ നം.1301155/ 5.3.2019 |
| 6. | പുതിയ ഗ്രാമപഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർ നെറ്റ് വർക്കിംഗ് ആന്റ് ഇന്റർകോം സംവിധാനം ഒരുക്കൽ | 577919 | പി.ഡബ്ല്യൂഡി. ഇലക്ട്രോണിക്സ് വിഭാഗം | ബിൽ നം.279176/ 30.6.2018 |
| 7. | ലക്ഷം വീട് സാംസ്കാരിക നിലയം വൈദ്യുതീകരണം | 39375 | പി.ഡബ്ല്യൂഡി. ഇലക്ട്രിക്കൽ സെക്ഷൻ | ചെക്ക് നം. 434578/11.12.2018 |
| 8 | അമ്പലപ്പാറ അങ്കണവാടിക്ക് സമിപം പൊതു ടാപ്പ് സ്ഥാപിക്കൽ | 25000 | കേരള വാട്ടർ അതോറിറ്റി | ചെക്ക് നം.1540602/ 5.3.2019 |

ജി.ഒ.(എം.എസ്.)11/2018/ത.സ്വ.ഭ.വ./തീ.29.1.2018 പ്രകാരമുള്ള സർക്കാർ മാർഗ്ഗ നിർദ്ദേശമനുസരിച്ച് തദ്ദേശ ഭരണ സ്ഥാപനം ബന്ധപ്പെട്ട നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ ഡിപ്പോസിററ് പ്രവൃത്തികൾക്കുള്ള മുൻകൂർ തുക അനുവദിക്കാവൂ. എന്നാൽ പ്രസ്തുത നടപടിക്രമം പാലിക്കപ്പെട്ടിട്ടില്ല.

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചതു സംബന്ധിച്ച പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഡിപ്പോസിറ്റ് പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടത് അനിവാര്യമാണ്. സർക്കാർ ഉത്തരവു ഖണ്ഡിക 11.2 (ഡി) (iv) പ്രകാരം ഡിപ്പോസിററ് വർക്ക് സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർനടപടികൾ തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കുന്നതിലെ വീഴ്ചകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മേൽ പ്രവൃത്തികളുടെ പുരോഗതി റിപ്പോർട്ട്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## **1-32** കാർഷിക പദ്ധതികളുടെ നിർവ്വഹണത്തിലെ ന്യൂനതകൾ സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിലെ കാർഷിക മേഖലയിലെ വിവിധ പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച പരിശോധനയിൽ ചുവടെ ചേർത്ത ന്യൂനതകൾ കാണുകയുണ്ടായി.

I കാർഷിക സമയക്രമം പാലിച്ചാണോ വിതരണം നടന്നത് എന്ന് വ്യക്തമല്ല

1. പച്ചക്കറി കൃഷി പ്രോത്സാഹനത്തിനായി 4,40,000/- രൂപയുടെ പച്ചക്കറി തൈകൾ (പ്രൊജക്ട് നമ്പർ 55/19)(2.20x2 ലക്ഷം തൈകൾ) പദ്ധതി പ്രകാരം വിതരണം ചെയ്തിരുന്നു. പ്രസ്തുത തൈകൾ മൂന്ന് സീസണുകളിലായാണ് വിതരണം നടത്തിയത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. എന്നാൽ ഇടവേള വിതരണം നടന്ന തീയ്യതി സംബന്ധിച്ച് രേഖപ്പെടുത്തിയിട്ടില്ല.
2. തെങ്ങ് കൃഷി വികസനത്തിനായി 375000/- രൂപയും (പ്രൊജക്ട്നമ്പർ 94/19 ,ബിൽ നമ്പർ 15/19.03.19) നെൽകൃഷി വികസനത്തിനായി (വിത്ത്,കുമ്മായം,ജൈവവ രാസ വളം ,കൂലി ചെലവ്) 102398/- രൂപയും പ്രൊജക്ട് നമ്പർ120/19, ബിൽ നമ്പർ 9/30.01.19) ചെലവഴിച്ചിട്ടുണ്ടെങ്കിലും വിതരണ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. മേൽ പറഞ്ഞ ഇനങ്ങൾ യഥാസമയം കർഷകർക്ക് ലഭിച്ചോ എന്നത് കൈപ്പറ്റ് രേഖയിൽ ഒരിടത്തും വിതരണ തീയ്യതി രേഖപ്പെടുത്താത്തതിനാൽ വ്യക്തമല്ല.

II പച്ചക്കറി കൃഷി തൈകളുടെ വിതരണ വിവരങ്ങൾ മാനദണ്ഡം എന്നിവയിൽ വ്യക്തതയില്ല.

പ്രൊജക്ട് നമ്പർ 55/19 (പച്ചക്കറി കൃഷി പ്രോത്സാഹനം) പച്ചക്കറി തൈകൾ, വിത്ത് കിറ്റ് , ഗ്രോബാഗ് തൈകൾ, പെരെന്യൽ തൈകൾ വിതരണം എന്നിവ ചേർന്നതാണ് പദ്ധതി. 825000/- രൂപ അടങ്കലും ചെലവുമുള്ള പദ്ധതിയിൽ പച്ചക്കറി തൈകൾ വിതരണം ചെയ്തതിന്റെ മാനദണ്ഡം വ്യക്തമല്ല. പഞ്ചായത്തിലെ ആകെയുള്ള 17 വാർഡുകളിൽ വിതരണത്തിനായി ലഭിച്ച തൈകൾ ആദ്യമായി മെമ്പർമാർ കൈപ്പറ്റിയതിന്റെ രേഖകളാണ് ലഭ്യമാക്കിയത്. പിന്നീട് വാർഡിലെ ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ രേഖകൾ ലഭ്യമാക്കി. വിതരണം ചെയ്ത രേഖകൾ പ്രകാരം വിതരണത്തിന്റെ മാനദണ്ഡം വ്യക്തമല്ല. ഉദാഹരണം താഴെ ചേർക്കുന്നു.

| വാർഡ് | ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്ത തൈകളുടെ എണ്ണം | ദീർഘകാല ചെടികളുടെ എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| | | | (കിറ്റ്) |
| 3 | 20 | 12000 | 30 |
| 2 | 30 | 12000 | 30 |
| 8 | 39 | 12000 | 30 |
| 17 | 49 | 12000 | 30 |
| 7 | 56 | 12000 | 30 |

ഗുണഭോക്താക്കൾ കുറഞ്ഞ വാർഡുകളിലും (വാർഡ് 3-20) കൂടിയ വാർഡുകളിലും (വാർഡ് 7-56) ഒരേ അളവിലാണ് തൈകളും കിറ്റും വിതരണം ചെയ്തത്. കൂടാതെ വാർഡ് 4,9,11,12,15 എന്നീ വാർഡുകളിലെ ഗുണഭോക്താക്കൾ തൈകൾ കൈപ്പറ്റിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

III സുഗന്ധവിള പ്രോത്സാഹനം -വാങ്ങിയ തൈകളുടെ വിവരങ്ങളിൽ വ്യക്തതയില്ല.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

തിരുവമ്പാടിയിലെ അഗ്രോ സർവ്വീസ് സെന്ററിൽ നിന്നും 7510 കുരുമുളക് തൈകൾ 8 രൂപ നിരക്കിൽ (60080/-) വാങ്ങിയതും ജാതിക്ക തൈകൾ 750 എണ്ണം 300 രൂപ നിരക്കിലും (225000/-) ബുഷ് പെപ്പർ 2000 എണ്ണം 100 രൂപ നിരക്കിലും (200000/-) വാങ്ങിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനം സർക്കാർ അംഗീകൃത വിൽപന കേന്ദ്രമാണെന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

IV ഹരിത കേരളം - ഹരിത ഭവനം (വനിത) പദ്ധതി നടപ്പാക്കിയില്ല. അഞ്ച് ലക്ഷം രൂപയുടെ വികസന ഫണ്ട് പഞ്ചായത്തിന് തൻവർഷം നഷ്ടമായി.

പ്രൊജക്ട് നമ്പർ 148/19

അടങ്കൽ 500000

ഒരോ വീടും ഹരിത ഭവനമായി കണ്ട് കൃഷി, മൃഗസംരക്ഷണം, മാലിന്യനിർമാർജ്ജനം, ജലസംരക്ഷണം ഇവയെല്ലാം ഉൾക്കൊള്ളിച്ചാണ് പദ്ധതി വിഭാവനം ചെയ്തതെങ്കിലും പദ്ധതി നടപ്പാക്കിയിട്ടില്ല. വനിതാ പദ്ധതി ആയതിനാലും, പ്രകൃതിക്ഷോഭവും സ്വന്തം പേരിൽ സ്ഥലം ഇല്ലാത്തതും മൂലവും പദ്ധതി നടപ്പിലാക്കാൻ സന്നദ്ധമായവരുടെ എണ്ണം കുറവായിരുന്നുവെന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. കിണർ റീച്ചാർജിന് വീടിന്റ വിസ്തൃതി മാനദണ്ഡവുമാണ് പദ്ധതി നടക്കാത്തതിന്റെ കാരണമായി നിർവ്വഹണ ഉദ്യോഗസ്ഥർ അറിയിച്ചത്.

എന്നാൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡവും പ്രായോഗികതയും മുൻകൂട്ടി മനസ്സിലാക്കാതെ പദ്ധതി രൂപീകരിച്ചതിനാലാണ് നിർവ്വഹിക്കാനാവാതെ തൻവർഷം പണം

പാഴായത്.

നിർവ്വഹണ ഉദ്യോഗസ്ഥർ ലഭ്യമാക്കിയ മറുപടിയിൽ, ക്രമനമ്പർ I. -ൽ വിതരണ തിയ്യതി രേഖപ്പെടുത്തുന്നതിൽ വീഴ്ച്ച പറ്റിയതായും ക്രമ നം III – ൽ പറഞ്ഞ പ്രകാരം സർക്കാർ അംഗീകൃത വിൽപന കേന്ദ്രമാണെന്ന് തെളിയിക്കുന്ന രേഖകളോ ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് തൃപ്തികരമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

# 1-33 സ്യൂട്ട് രജിസ്റ്ററുകൾ പരിപാലിക്കുന്നതിൽ ന്യൂനതകൾ

പഞ്ചായത്ത് കക്ഷിയായ കേസുകളെ സംബന്ധിച്ചുള്ള ഒരു സ്യൂട്ട് രജിസ്റ്റർ സൂക്ഷിച്ച് വരുന്നുണ്ട്. എന്നാൽ ആയത് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സ്യൂട്ട് രജിസ്റ്ററിൽ പല സ്ഥലങ്ങളിലും കേസ് ഡിസ്പോസ്ഡ്, ക്ലോസ്ഡ് എന്നെഴുതിയതല്ലാതെ കേസ് എപ്രകാരമാണ് ഡിസ്പോസ് ചെയ്തത് എന്ന് വ്യക്തമല്ല (ആർക്ക് അനുകൂലമായാണ് വിധി എന്ന് വ്യക്തമല്ല.) ഉദാ: പേജ് നം. 25ൽ 699/13 നമ്പർ കേസും, പേജ് 27ൽ WP(C)31003/2009 നമ്പർ കേസും ഡിസ്പോസ്ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഡിസ്പോസലിന്റെ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല.
2. മിക്ക കേസുകളിലും കേസ് നിലവിലുണ്ടോ, തീർപ്പായോ എന്ന് രജിസ്റ്ററിൽ നിന്ന് വ്യക്തമല്ല.

   ഉദാ: പേജ് നം. 31: OP-1838/2014, ശ്രീ. സണ്ണി ജോസഫ്.

3. കേസുകൾ മുഴുവൻ രജിസ്റ്ററിൽ ചേർത്ത് വരുന്നില്ല.

   ഉദാ: മുൻ സെക്രട്ടറി ശ്രീ ജോസഫ് സമർപ്പിച്ച (വൗച്ചർ നമ്പർ 230/ 20/06/2018, 8342/-) യാത്ര ബിൽ പ്രകാരം 15/03/2018 ൽ OP 3/934/17 കേസിനായും 27/03/2018 ന് താമരശ്ശേരി കോടതിയിൽ പോയതായും ശ്രീമതി. ആബിദ 18/09/2017 ന് കോഴിക്കോട് ജില്ല കോടതിയിൽ പോയതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ കേസുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

   സ്യൂട്ട് രജിസ്റ്ററിൽ, പഞ്ചായത്ത് കക്ഷിയായ കേസുകളെ സംബന്ധിച്ച് പൂർണ്ണവും കൃത്യവുമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. കേസുകളുടെ ഹിയറിംഗ് തീയതി, നിലവിലെ അവസ്ഥ, അന്തിമ വിധിയുടെ സ്വഭാവം എന്നിവയും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

# 1-34 ഗ്രാമ പഞ്ചായത്തിലെ ജനറേറ്റർ ഉപയോഗിക്കാത്തത് സംബന്ധിച്ച്.

പഴയ ഗ്രാമപഞ്ചായത്ത് കാര്യാലയം സ്ഥിതി ചെയ്തിരുന്ന സ്ഥലത്ത് ഉപയോഗിച്ചിരുന്ന ജനറേറ്ററിനു വേണ്ടി 10.8.2018 വരെ ഇന്ധനം വാങ്ങിയതിന്റെ ബില്ല് ഫയലിലുണ്ട് (വൗച്ചർ നം 508/28.9.2018 പ്രകാരം) എന്നാൽ ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറിയത് മുതൽ ജനറേറ്റർ ഉപയോഗിച്ചിട്ടില്ല. ഇത് സംബന്ധിച്ച് അന്വേഷിച്ചതിൽ ഇലക്ട്രിക്കൽ വയറിങ്ങ് പ്രവൃത്തിയിലെ ന്യൂനത കാരണം ജനറേറ്റർ ഉപയോഗിക്കാനാവില്ല എന്നാണറിയിച്ചത്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമായിരുന്നില്ല.

വയറിങ്ങ് പ്രവൃത്തിയിലെ ന്യൂനത പരിഹരിച്ച് പ്രസ്തുത ജനറേറ്റർ ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ അല്ലാത്തപക്ഷം ലേലം ചെയ്ത് തനത് ഫണ്ടിൽ മുതൽ കൂട്ടുകയോ ചെയ്യാവുന്നതാണ്.

## 1-35 ക്ലീൻ തിരുവമ്പാടി- മാലിന്യസംസ്കരണപദ്ധതി

കേരള പഞ്ചായത്ത് രാജ് നിയമം 166 പട്ടിക 3 പ്രകാരം ശുചിത്വ മാലിന്യ സംസ്കരണം എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ് ഇതിനാവശ്യമായ പദ്ധതികൾ നടപ്പാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. നവകേരള കർമ്മ പദ്ധതിയുടെ ഭാഗികമായി സർക്കാർ പ്രഖ്യാപിച്ച വികസന മിഷനുകളിൽ ഒന്നായ ഹരിത കേരള മിഷന്റെ ദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വവും മാലിന്യ സംസ്കരണവും. ജി.ഒ(പി)11/18/തസ്വഭവ/ 20.01.2018 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ സ7-1സി പ്രകാരം ഇതിനാവശ്യമായ പദ്ധതികൾ പഞ്ചായത്ത് നടപ്പിലാക്കണം.

ഗ്രാമപഞ്ചായത്തിൽ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും അത് സംസ്കരിക്കുന്നതിനുമുള്ള സ്ഥല സൗകര്യവും കെട്ടിട സൗകര്യങ്ങളും മറ്റ് പശ്ചാത്തല സൗകര്യങ്ങളുമൊക്കെ സജ്ജീകരിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല. എല്ലാ വാർഡുകളിലും ഹരിത കർമ്മസേനയെ നിയോഗിച്ച് അജൈവ മാലിന്യങ്ങൾ ശേഖരിച്ച് മാലിന്യ നിർമ്മാർജ്ജന കേന്ദ്രത്തിലെത്തിയ്ക്കുന്നുണ്ട്. അവയൊന്നും സംസ്കരിയ്ക്കുകയോ കയറ്റി അയയ്ക്കുകയോ ചെയ്യാതെ മാലിന്യ സംസ്കരണ കേന്ദ്രത്തിലും വഴിയിലും കൂമ്പാരമാക്കി കൂട്ടിയിട്ടിരിക്കുകയാണ്. ഇവ മഴ നനയാതെ സൂക്ഷിയ്ക്കുവാൻ സൗകര്യമുണ്ടായിട്ടും അപ്രകാരം ചെയ്യാതെ തുറസായ സ്ഥലത്ത് കൂമ്പാരമായി ഇട്ടിരിക്കുന്നത് പരിസ്ഥിതിയ്ക്ക് ദോഷമായി മാറുന്നതാണ്. മാലിന്യ നിർമ്മാർജന കേന്ദ്രത്തിലേയ്ക്ക് ജല ലഭ്യത ഉറപ്പുവരുത്തുന്നതിന് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും പദ്ധതി അന്തിമ ഘട്ടത്തിലെത്തിയിട്ടില്ല. പ്ലാസ്ററിക്ക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് വാങ്ങിയിട്ടുള്ള യന്ത്ര സാമഗ്രികൾ പ്രവർത്തിപ്പിയ്ക്കാതെ വച്ചിരിക്കുകയാണ്. ഇത് യന്ത്രോപകരണങ്ങളുടെ ഗ്യാരണ്ടി പിരീയഡ് കഴിയുന്നതിനും യന്ത്രങ്ങൾ കേടാകുന്നതിനും ഇടയാകുന്ന സാഹചര്യമാണ് നിലവിലുള്ളത്.

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 2 ഗാർഹിക മാലിന്യ സംസ്കരണ പദ്ധതികളിലായി 922 വിട്ടുകളിൽ റിങ്ങ് കമ്പോസ്റ്റ് യൂണിറ്റും, 144 വീട്ടുകളിൽ ബക്കറ്റ് കമ്പോസ്റ്റ് യൂണിറ്റും സ്ഥാപിച്ചിട്ടുണ്ട്.

2018-19 വർഷത്തിൽ പഞ്ചായത്ത് മാലിന്യ സംസ്കരണത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്ടുകൾ | വകയിരുത്തിയ തുക | ചെലവ് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| എസ്.ഒ 272/19<br>പൊതു ശ്മശാനം മാലിന്യ സംസ്കരണ കേന്ദ്രം അടിസ്ഥാന | 200000<br>ധനകാര്യ കമ്മീഷൻ ഫണ്ട്-150000<br>തനത് ഫണ്ട്-50000 | 0 | അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| സൗകര്യം വർദ്ധിപ്പിക്കൽ | | | |
| എസ്.ഒ 220/19 (സ്പിൽ ഓവർ)<br>ക്ലീൻ തിരുവമ്പാടി (റിസോഴ്സ് റിക്കവറി സെന്റർ നിർമ്മാണം കോമ്പൗണ്ട് നിർമ്മാണം | 1200000<br>സംസ്ഥാനാവിഷ്കൃത ഫണ്ട്- 300000<br>ബ്ലോക്ക് വിഹിതം- 500000<br>മറ്റുള്ളവ -400000 | 483370<br>(300000<br>ചെക്ക്-1540606/12.03.19 183370<br>ചെക്ക്- 1434805/12.03.19) | അസിസ്റ്റന്റ് എഞ്ചിനീയർ |
| എസ്.ഒ 284/19<br>എം.സി.എഫ് സെന്റർ വിപുലീകരണം | 550000<br>ധനകാര്യ കമ്മീഷൻ ഫണ്ട് | 0 | അസിസ്റ്റന്റ് എഞ്ചിനീയർ |
| 153/19ക്ലീൻ തിരുവമ്പാടി<br>ഗാർഹിക ബയോബിൻ<br>വിതരണം-ബക്കറ്റ് കമ്പോസ്റ്റ് യൂണിറ്റ് | 200000 (ശുചിത്വമിഷൻ ഫണ്ട്) | 72000<br>ബിൽ 15/30.03.2019 | വി.ഇ.ഒ |
| 242/19 ക്ലീൻ കേരള ഹരിത കർമസേനയുടെ പ്രവർത്ത നം (വി.ജി.എഫ്) | 393975 വികസന ഫണ്ട് | 393975<br>ബിൽ 3/01.08.2018<br>ബിൽ 5/23.08.2018<br>ബിൽ 7/24.10.2018<br>ബിൽ 9/28.11.2018<br>ബിൽ 10/18.12.2018<br>ബിൽ 11/30.012019<br>ബിൽ 12/27.03.2019 | വി.ഇ.ഒ |

| | | | |
|---|---|---|---|
| | | | |
| 188/19 ക്ലീൻ തിരുവമ്പാടി റിങ്ങ് കമ്പോസ്റ്റ് യൂണിറ്റ് | 3613773<br>ധനകാര്യ കമ്മീഷൻ ഫണ്ട്-1273<br>ശുചിത്വ മിഷൻ-3187500<br>ഗുണഭേക്തൃ വിഹിതം-425000 | 1195109<br>965567-ശുചിത്വ മിഷൻ ചെക്ക്-434558/25.08.18,<br>434577/05.12.2018.<br>229542-ഗുണഭോക്തൃ വിഹിതം 1540603 , 1540604/5.03.19 | വി.ഇ.ഒ |

മാലിന്യ സംസ്കരണത്തിനായി മെച്ചപ്പെട്ട സാഹചര്യം ഗ്രമപഞ്ചായത്തിൽ നിലവിലുണ്ടെങ്കിലും ആയത് കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. നിലവിൽ സംസ്കരണ കേന്ദ്രത്തിനു സമീപം കൂട്ടിയിട്ടിരിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും, പ്ലാസ്റ്റിക് മാലിന്യങ്ങൾ യന്ത്രോപകരണങ്ങളുടെ സഹായത്തോടെ സംസ്കരിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പാമ്പിഴഞ്ഞ പാറ അങ്കണവാടി ഭൗതിക സാഹചര്യം മെച്ചപ്പെട്ടുത്തൽ പദ്ധതി - ടെണ്ടർ കുറവ് ഈടാക്കാതെ കരാറുകാരന് തുക അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പദ്ധതി - എസ്.ഒ 104 /19

അടങ്കൽ - 240000

ചെലവ് - 211746

ബിൽ നമ്പർ,തിയ്യതി - 76/18-19/22.03.2019-മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്

കരാറുകാരൻ - ശ്രീ.ബിജോ.കെ.പി

കരാർ - 20/18-19/19.07.2018

പാമ്പിഴഞ്ഞ പാറ അങ്കണവാടി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ പദ്ധതിയുടെ നടത്തിപ്പാനായി 19.06.2018 തിയ്യതിയിൽ നടന്ന ടെണ്ടറിൽ 5 കരാറുകാർ പങ്കെടുക്കുകയും. ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.ബിജോ.കെ.പി എന്ന കരാറുകാരന് മേൽ കരാറു പ്രകാരം ജോലി ഏൽപ്പിച്ചു നൽകി. 8.6 % കുറഞ്ഞ നിരക്കായിട്ടാണ് ടിയാൻ പ്രവൃത്തി ക്വാട്ട് ചെയ്തിട്ടുള്ളത്. കരാറുകാരൻ 06.03.2019ന് പ്രവർത്തി പൂർത്തിയാക്കി. ബിൽ തുക കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ എം ബുക്ക് 139/19 പരിശോധിച്ചതിൽ കരാർ പ്രകാരമുള്ള 8.6% ടെണ്ടർ ബിലോ കരാറുകാരനിൽ നിന്ന് ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ പ്രവർത്തി മൂല്യം | 211740 |
| അനുവദിച്ച തുക | 2117 -ആദായ നികുതി<br>2117 - കെട്ടിട തൊഴിലാളി ക്ഷേമ നിധി<br>207512 - കരാറുകാരൻ |
| ഈടാക്കാത്ത ടെണ്ടർ കുറവ് തുക | 8.6 % of 211740 = 18210<br>211740- 18210 =193530 |
| അനുവദിക്കേണ്ടതുക | 1935 - ആദായ നികുതി<br>1935 - കെട്ടിട തൊഴിലാളി ക്ഷേമ നിധി<br>189660 - കരാറുകാരൻ |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/ 18-19 തിയ്യതി 09.03.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. 18210 രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-2 അങ്കണവാടി വർക്കർ ഓണറേറിയം - അധികം നൽകി

പ്രോജക്ട് നം. : 67/2019

അടങ്കൽ : 6,48,000/-

നിർവ്വഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

ബിൽ നം. : 2/2018-19 തി 27-6-2018

മേൽ പ്രോജക്ട് പ്രകാരം ഗ്രാമ പഞ്ചായത്തിലെ 27 അങ്കണവാടികളിലേയും വർക്കർമാർക്കും ഹെൽപ്പർമാർക്കും 2017-18 വർഷത്തെ വർദ്ധിപ്പിച്ച ശമ്പള നിരക്ക് പ്രതിമാസം 1000/- രൂപ തോതിൽ 12 മാസത്തെ (2017 ഏപ്രിൽ മാസം മുതൽ 2018 മാർച്ച് വരെ) കുടിശ്ശിക നൽകുക

എന്നതായിരുന്നു വിഭാവനം ചെയ്തിരുന്നത്. ആയതു പ്രകാരം ഐ.സി.ഡി.എസ് സൂപ്പർവൈസർ 2017 ഏപ്രിൽ മാസം മുതൽ 2018 മാർച്ച് മാസം വരെയുള്ള കുടിശ്ശിക തുക 27 അങ്കണവാടി വർക്കർമാരുടെയും അക്കൗണ്ടിലേക്ക് മേൽ ബില്ല് പ്രകാരം 2018 ജൂൺ മാസത്തിൽ മാറി നൽകുകയുണ്ടായി. എന്നാൽ 2018 മാർച്ച് മാസത്തെ ഹോണറേറിയം വർദ്ധിപ്പിച്ച നിരക്കിൽ കൊടുവള്ളി ശിശുവികസന പദ്ധതി ഓഫീസിൽ നിന്നും 2018 മാർച്ച് മാസം തന്നെ അങ്കണവാടി വർക്കേഴ്സിന് മാറി നൽകിയിരുന്നു. ആയതിനാൽ 27 അങ്കണവാടി വർക്കർമാർക്കും 2018 മാർച്ച് മാസത്തെ ശമ്പള കുടിശ്ശിക രണ്ട് തവണ ലഭിക്കാൻ ഇടയായി. ഇപ്രകാരം അധികം നൽകിയ തുകയായ 27000/- രൂപ (27X1000) ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക ഉത്തരവാദിയായ ഐ.സി.ഡി.എസ് സൂപ്പർവൈസറിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 എൽ.പി.സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകൽ - അധിക തുക അനുവദിച്ചു

പ്രൊജക്ട് നം : 91/19

അടങ്കൽ : 75000/-രൂപ

ചെലവു തുക : 67341/-രൂപ (ബിൽ നം.3/18-19/22.3.2019)

നിർവ്വഹണം : ഹെഡ് മാസ്റ്റർ

മേൽ പ്രൊജക്ട് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ എൽ.പി.സ്കൂളുകളായ ജി.എൽ.പി.സ്കൂൾ ആനക്കാംപൊയിൽ, ജി.എൽ.പി.സ്കൂൾ തൊണ്ടിമ്മൽ എന്നിവിടങ്ങളിൽ പ്രഭാതഭക്ഷണം നൽകുന്നതിന് സാധനങ്ങൾ വാങ്ങിയതിന് 67341/-രൂപ ബിൽ പ്രകാരം പിൻവലിച്ച് കൺവീനർ ശ്രീ.പ്രശാന്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതായി കാണുന്നു. എന്നാൽ പ്രഭാത ഭക്ഷണം നൽകുന്നതിനായി വാങ്ങിയ പച്ചക്കറി, പലചരക്ക് സാധനങ്ങളുടെ ബില്ലുകൾ പരിശോധിച്ചതിൽ ജി.എൽ.പി.സ്കൂൾ ആനക്കാംപൊയിൽ, ജി.എൽ.പി.സ്കൂൾ തൊണ്ടിമ്മൽ എന്നിവിടങ്ങളിലേക്ക് യഥാക്രമം 28926/-രൂപയുടേയും 33000/-രൂപയുടേയും സാധനങ്ങളാണ് വാങ്ങിയിട്ടുള്ളത്. മൊത്തം 61926/-രൂപ കൺവീനർക്ക് അനുവദിക്കുന്നതിനു പകരം 67341/-രൂപ അനുവദിച്ചിട്ടുണ്ട്. അധികം അനുവദിച്ച 5415/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് ഒടുക്കേണ്ടതാണ്.

## 3-4 കരാർ വയ്ക്കുന്നതിന് കാലതാമസം - കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല

ജി.ഒ(പി)13/2012/പിഡബ്ല്യൂഡി/1.2.12 പ്രകാരമുള്ള പൊതുമരാമത്ത് മാന്വൽ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് പിഎസി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇഎംഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ

നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ പറയുന്ന പ്രോജക്ടുകളിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ചിട്ടുള്ളത്.

| ക്രമ നം | പ്രോജക്ട് | സെലക്ഷൻ നോട്ടീസ് തിയതി | കരാർ വച്ച തിയ്യതി / കരാറുകാരൻ | പിഎസിയുടെ1% ഫൈൻ തുക |
|---|---|---|---|---|
| 1. | പാറ മണ്ണിൽചോലയിൽ റോഡ് ടാറിങ്ങ് 230/19 (ബിൽ 10/ 18-19/ 29.06.18 , 430000/-) കരാർ തുക 430000 | 23.12.2017 | AE/46/ 17-8 / 18.01.18 ശ്രീ.സിനോ ജോസഫ് | 4300 |
| 2 | താഴെ തിരുവമ്പാടി പാതിരാ മണ്ണ് റോഡ് റീ ടാറിങ്ങ് 208/19 (ബിൽ 11/ 18-19/29.06.18 , 250000/-) കരാർ തുക 250000 | 23.12.2017 | AE/44/ 17-8 / 18.01.18 ശ്രീ.സിനോ ജോസഫ് | 2500 |
| 3 | പാലക്കടവ് തുമ്പക്കോട് ശ്രീകൃഷ്ണ ക്ഷേത്രം റോഡ് ടാറിങ്ങ് 227/19 (ബിൽ 16/18-19/ 29.06.18, -330000/-) കരാർ തുക 330000 | 17.01.18 | AE/69/ 17-8 / 12.02.18 ശ്രീ.ഷൈജു.എ.പി | 3300 |
| 4 | പാറപ്പുറം തിരുവമ്പാടി മണ്ടാം കടവ് പാത്ത് വെ 202/19 (ബിൽ 85/ 18-19/ 27.03.2019, 314013/-) കരാർ തുക 322000 | 23.12.2017 | AE/47/ 17-8 / 18.01.18 ശ്രീ.സിനോ ജോസഫ് | 3220 |

| | | | | |
|---|---|---|---|---|
| | | | ആകെ | 13320 |

മേൽ പ്രവൃത്തികളിൽ കരാർ വയ്ക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. കൂടാതെ പ്രവൃത്തി ഫയലുകളിൽ ചിലതിൽ സെലക്ഷൻ നോട്ടീസ് വച്ചിട്ടില്ലാത്തതിനാലും ചിലതിൽ സെലക്ഷൻ നോട്ടീസിൽ തിയ്യതി എഴുതിയിട്ടില്ലാത്തതിനാലും സമയബന്ധിതമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല. കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ച് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയിട്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം 15 /2018-19. 09.03.2020) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴയായി ഈടാക്കേണ്ടിയിരുന്ന 13,320 രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## **3-5** ക്ലീൻ തിരുവമ്പാടി ഗാർഹിക മാലിന്യ സംസ്കരണ പദ്ധതി - ഗുണഭോക്തൃ വിഹിതം ഈടാക്കിയതിൽ കുറവ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

പദ്ധതി - എസ്.ഒ 188/19 (സ്പിൽ ഓവർ)

അടങ്കൽ - 361377
ചെലവ് - 1195109

(ചെക്ക് നം-,434577/5.12.2018) - 965567-ശുചിത്വ മിഷൻ ഫണ്ട് ,

ഗുണഭോക്തൃവിഹിതം 1540603,1540604/5.03.19 – 229542

കരാറുകാർ -റെയ്ഡ്കോ

ഗാർഹിക മാലിന്യ സംസ്കരണത്തിനായി റിങ്ങ് കമ്പോസ്റ്റ് യൂണിറ്റുകൾ വിതരണം ചെയ്യുക എന്ന ഉദ്ദേശത്തോടെ 2016-17 വർഷത്തിൽ ആരംഭിച്ച പദ്ധതിയാണിത്. ഒരു യൂണിറ്റിന് വിലയായ 2500 രൂപയുടെ 10% ഗുണഭോക്തൃ വിഹിതം അതായത് 250 രൂപ വീതം ഓരോ ഗുണഭോക്താവിൽ നിന്നും ഈടാക്കിയിട്ടാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 2018-19 വർഷത്തിൽ ഗുണഭോക്തൃ വിഹിത ഇനത്തിൽ 229542 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കലക്ഷൻ രജിസ്റ്റർ പ്രകാരം 214500 രൂപയാണ് ഗുണഭോക്താക്കളിൽ നിന്ന് പിരിച്ചെടുത്തിട്ടുള്ളത് . 15042 രൂപ (229542-214500) തനത് ഫണ്ടിൽ നിന്ന് അധികം ചെലവഴിച്ചതായി കാണുന്നു.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി.നം(17/ 18-19 തിയ്യതി 09.03.202) യ്ക്ക് മറുപടി ലഭ്യമാക്കിയിയിട്ടില്ല. 15042 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികമായി ചെലവഴിച്ച 15,042/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്തിൽ അടയ്ക്കേണ്ടതാണ്.

## **3-6** കരാർ പ്രകാരം പ്രവർത്തി പൂർത്തിയാക്കാത്തതിന്

## കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല.

2018-19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ട്. കരാർ പ്രകാരം പ്രവർത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനിൽനിന്ന് നിയമാനുസൃതം പിഴ ഈടാക്കാതെ ഇളവ് അനുവദിച്ചതായികാണുന്നു. വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| ക്രമ നം | പ്രൊജക്ട് | ചെലവ് | കരാറുകാരൻ, എഗ്രി.നമ്പർ, തിയ്യതി. | പ്രവൃത്തി പൂർത്തീ കരണ കാലയളവ്. സൈറ്റ് കൈമാ റിയ തിയ്യതി | പ്രവൃത്തി പൂർത്തീ കരിച്ച തിയ്യതി എം. ബുക്ക് പ്രകാരം | പൂർത്തീ കരണം വൈകിയ കാല യളവ് | ഈടാക്കേ ണ്ട പിഴ പി.എ . സി തുകയുടെ ശതമാന ത്തിൽ | പിഴ (രൂ) |
|---|---|---|---|---|---|---|---|---|
| 1 | 221/18-19 പൊതു സ്മശാനം | 570743 (ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്) ചെക്ക് 286593/ 18.12.18 | ശ്രീ.ഷൈജു. എ.പി 95/16-17/ 31.03.2017 | 3 മാസം 31.03.2017 | 23.03.2018 എം.ബുക്ക് (284/16-17) കരാർ കാലാ വധി കഴിഞ്ഞ് 11.12.2017 നാണ് പ്രവൃത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ. സി തുക 1584336 രൂപ യുടെ 3% | 47530 |
| 2 | 222/8-19 ആനക്കാം പോയിൽ സ്കൂൾ നവീകരണം | 278981 (റോഡിതര മെയിന്റ നൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ | ശ്രീ.ജമാൽ.ഇ 90/16-17 / 22.03.2017 | 3 മാസം 22.03.17 | 27.03.2018 എം.ബുക്ക് (202/17-18) കരാർകാലാ വധി | ഒറിജിനൽ കാലാവധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ. സി തുക 349965 രൂപയുടെ 3% | 10499 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | ഗ്രാന്റ് ) ബിൽനം. 20/29.06.2018 23/01.08.2018 | | | കഴിഞ്ഞ് 22.11.2017 നാണ് പ്രവൃത്തി തുടങ്ങിയത് | | | |
| 3 | 202/18-19 പാറക്കടവ് തിരുവമ്പാടി മണ്ടാം കടവ് പാത്ത് വെ | 314013 (റോഡ് മെയിന്റ നൻസ് ഫണ്ട്) ബിൽനം. 35/27.3.19 | ശ്രീ.സിനോ ജോസഫ് 47/17-18 / 18.01.2018 | 6 മാസം 18.01.2018 | 25.02.2019 എം.ബുക്ക് (134/18-19) കരാർ കാലാവധി കഴിഞ്ഞ് 31.08.18 നാണ് പ്രവൃത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ. സി തുക 322000 രൂപയുടെ 3% | 9660 |
| 4 | 192/18-19 കൊടക്കാട്ടുപാറ കിഴക്കേ മുരിക്കും തൊടി നടപ്പാത | 97302 (ധനകാര്യ കമ്മീഷൻ ഫണ്ട്) ബിൽനം./37/ 27.12.2018 | ശ്രീ.മുഹമ്മദ് ബഷീർ 59/17-1.18/ 29.01.2018 | 6മാസം 29.01.18 | 29.01.2018 എം.ബുക്ക് (111/18-19) കരാർ കാലാവധി കഴിഞ്ഞ് 30.08.18 നാണ് പ്രവൃത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ. സി തുക 100000 രൂപ യുടെ 3% | 3000 |
| | ആകെ | | | | | | | 70689 |

മേൽ പ്രവൃത്തികളിൽ എഗ്രിമെന്റിനോടൊപ്പം പ്രവൃത്തി കലണ്ടർ ഇല്ല. ടിഎസ് സ്ലിപ്പ്, ടെണ്ടർ നോട്ടീസ്, കരാർ രജിസ്റ്റർ എന്നിവ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരണ കാലാവധിയാണ്

ചേർത്തിട്ടുള്ളത്.

1.2.2012 തിയ്യതിയിലെ ജി.ഒ(പി)13/2012/പി.ഡബ്ള്യൂ.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ.ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്ക ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്ത വണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇവിടെ എല്ലാ പ്രവൃത്തികളിലും ദീർഘീകരണം 50% ലും കൂടുതലാണ്. കരാർ വെച്ച് വളരെ കാലം കഴിഞ്ഞാണ്. പ്രവൃത്തി ആരംഭിയ്ക്കുന്നത്. ഇങ്ങനെ പ്രവൃത്തി പൂർത്തീകരിയ്ക്കുന്നതിന് വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ യാതൊരു നടപടികളും സ്വീകരിയ്ക്കുന്നില്ല. ഇത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാകാതിരിക്കുന്നതിനും സ്പിൽ ഓവർ ആകുന്നതിനും ഫണ്ട് നഷ്ടമാകുന്നതിനും ഇടയായിട്ടുണ്ട്

സെക്ഷൻ 2005 പ്രകാരം site കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. പ്രവൃത്തികളിലൊന്നും തന്നെ കാലയളവ് ദീർഘീകരണത്തിന് കരാറുകാർ എം.ഇ മുഖേന അപേക്ഷിച്ചിട്ടില്ല.

പൂർത്തീകരണ കാലാവധി സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്യാത്തതിനും, ദീർഘീകരണം ലഭ്യമാകാതെ പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം വരുത്തിയ കരാറുകാരനെതിരെ നടപടിയൊന്നും എടുക്കാതെ ഫൈനൽ ബിൽ തുക നൽകുന്നതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 19/2018-19. 09.03.2020) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്ന 70689 രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 09.07.2019 മുതൽ 10.07.2019 വരെ | കെ.എസ്.എ.കെ.കെ.ഡി/ഇ2/ 887/2019 (62) |

# 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 897177 | ലൈഫ് മിഷൻ പദ്ധതി (ജനറൽ) | 897177 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 292567 | ലൈഫ് മിഷൻ പദ്ധതി (എസ്.സി)) | 225000 | 67562 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 300000 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 250000 | ക്ഷീര ഗ്രാമം (വനിത) | 250000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 700000 | ക്ഷീരസംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി | 700000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2166000 | ലൈഫ് മിഷൻ പദ്ധതി (ജനറൽ) | 2145992 | 20008 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 480000 | ലൈഫ് മിഷൻ പദ്ധതി (എസ്.സി) | 140000 | 340000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 143782 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 143782 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 900000 | ക്ഷീരസംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി | 900000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1000000 | ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം | 345887 | 83370 |
| | | | പൊതു ശ്മശാനം നിർമ്മാണം | 570743 | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 68000 | ലൈഫ് മിഷൻ പദ്ധതി (എസ്.ടി.) | 0 | 68000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1000000 | ഖരമാലിന്യ സംസ്കരണം | 183370 | 816630 |
| ആകെ | | | | | 1395570 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി. | തെരുവു വിളക്ക് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 279174/ 30.6.2018 | 97000 | 0 | 97000 |
| കേരള വാട്ടർ അതോറിറ്റി | കാവാലം പടി പുത്തൻപുരപ്പടി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | ബിൽ.നം. 1301160/ 5.3.2019 | 250000 | 0 | 250000 |

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ചേപ്പിലം കോട് എസ്.സി.കോളനി അങ്കണവാടി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | ബിൽ നം.1361652/ 13.3.2019 | 15000 | 0 | 15000 |
| പി.ഡബ്ല്യുഡി. ഇലക്ട്രിക്കൽ സെക്ഷൻ | പുതിയ ഗ്രാമപഞ്ചായത്ത് ഓഫീസ് വൈദ്യുതീകരണം അധിക തുക നൽകൽ | ചെക്ക് നം. 170612/ 9.5.2018 | 68750 | 0 | 68750 |
| പി.ഡബ്ല്യുഡി. ഇലക്ട്രിക്കൽ സെക്ഷൻ | വൈദ്യുതീകരണം പി.ഡബ്ല്യു.ഡി. സെന്റേജ് ചാർജ്ജ് | ചെക്ക് നം. 170612/ 9.5.2018 | 10250 | 0 | 10250 |
| കെ.ഡബ്ല്യു.എ. | താഴെ തിരുവമ്പാടി അങ്കണവാടി കുടിവെള്ളം എത്തിക്കൽ | ബിൽ നം.1301155/ 5.3.2019 | 84000 | 0 | 84000 |
| പി.ഡബ്ല്യുഡി. ഇലക്ട്രോണിക്സ് വിഭാഗം | പുതിയ ഗ്രാമപഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർ നെറ്റ് വർക്കിംഗ് ആന്റ് ഇന്റർകോം സംവിധാനം ഒരുക്കൽ | ബിൽ നം.279176/ 30.6.2018 | 577919 | 0 | 577919 |
| പി.ഡബ്ല്യുഡി. ഇലക്ട്രിക്കൽ സെക്ഷൻ | ലക്ഷം വീട് സാംസ്കാരിക നിലയം വൈദ്യുതീകരണം | ചെക്ക് നം. 434578/ 11.12.2018 | 39375 | 0 | 39375 |
| കേരള വാട്ടർ അതോറിറ്റി | അമ്പലപ്പാറ അങ്കണവാടിക്ക് സമീപം പൊതു ടാപ്പ് സ്ഥാപിക്കൽ | ചെക്ക് നം.1540602/ 5.3.2019 | 25000 | 0 | 25000 |

| | | | | | |
|---|---|---|---|---|---|
| | | | | | |

മേൽ പ്രവൃത്തികൾ നാളിതുവരെ പൂർത്തിയാക്കിയതു സംബന്ധിച്ചോ തുക വിനിയോഗിച്ചതു സംബന്ധിച്ചോ ഉള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 3496831/-രൂപ വരവുണ്ട്. പ്രസ്തുത തുക മുഴുവനായും വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി | ജി.ഒ.(എം.എസ്.)/ 34/2018/ 16.3.2018 | 3496831 | 0 | 0 | 0 | 3496831 |
| ഇ.എം. എസ്.ഭവനം | സ.ഉ(സ)നം.533/2010/ 18.2.2010 | 13057640 | 500665 | 500665 | 0 | 0 |

# 4-6 സ്ഥിര നിക്ഷേപം

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 27399/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 2-3 | 2154 | റഹ്മത്തുള്ള | 11807019840-45/ 30.03.2019 |
| 2017-18 | 2-4 | 969 | കുഞ്ഞുമുഹമ്മത് | 118070109048/ 30.03.2019 |
| 2017-18 | 2-4 | 4856 | റുക്കിയ കീരൻതൊടിക | 118070109960/ 31.03.2019 |
| 2017-18 | 2-6 (1) | 2100 | ജബീന മാലിക്, എൻ.പി.ട്രേഡേഴ്സ് | 118070106884/ 16.02.2019 |
| 2017-18 | 2-6 (1) | 1800 | സന്തോഷ്.പി.കെ, കെ.ആർ ബേക്കറി | 118070106905, 906/ 16.02.2019 |
| 2017-18 | 2-6 (1) | 1320 | ജോണി ജോസഫ്, പി.ടു വെജിറ്റബിൾസ് | 118070107291-292/ 22.02.2019 |
| 2017-18 | 2-6 (1) | 720 | രാജേന്ദ്ര പ്രസാദ്, ആദിത്യ ഗാർഡൻസ് നഴ്സറി | 118070107445/25.0219 |
| 2017-18 | 2-6 (1) | 960 | ഇ.കെ.ഉമ്മർ, അനുഗ്രഹ ബുക്ക് ബൈൻഡിംഗ് | 118070107839/849/ 27.2.2019 |
| 2017-18 | 2-6 (1) | 1560 | വിനോദ് ഹോട്ടൽ | 118070107660-661/ 1.3.2019 |

| | | | | |
|---|---|---|---|---|
| 2017-18 | 2-6 (1) | 960 | കെ.കെ.തമരക്കാട്ടിൽ, ലിസി ബാഗ് | 118070108374/11.3.2019 |
| 2017-18 | 2-6 (12) | 5000 | ജമാൽ, പി.ഡബ്ല്യൂഡി. കോൺട്രാക്ടർ | 118070109378/26.3.2019 |
| 2017-18 | 2-6 (6) | 5000 | സിനോ ജോസഫ്, പി.ഡബ്ല്യൂഡി. കോൺട്രാക്ടർ | 118070109684/29.3.2019 |
| | ആകെ | 27399 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | | 2001-02 | 11.5 | വായ്പ കുടിശ്ശിക | ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകി |
| 2000-01 | 29 | 2003-04 | 11.13.7.19 | നികുതിപിരിവിൽ അലംഭാവം | ലഭ്യമല്ല |
| 2001-02 | 3-1 | 2005-06 | 2.70.1.9.11 | തൊഴിൽ രഹിത വേതനം അപേക്ഷകൾ തീർപ്പാക്കിയില്ല | ഒഴിവാക്കാൻ ശുപാർശ |
| 2002-03 | 3-2 | 2005-06 | 2.70.1.4.3 | ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല | ഓഡിറ്റ് പരിശോധിച്ച് തടസ്സം തീർക്കാൻ ശുപാർശ |

| | | | | | |
|---|---|---|---|---|---|
| 2002-03 | 3-25 | 2005-06 | 2.70.1.3.2 | തൊഴിൽ പരിശീലന പദ്ധതികൾ പരാജയം | ഒഴിവാക്കാൻ ശുപാർശ |
| | | 2014-15 (പ്ര.ക്ഷ.റി.) | 5.7.2 | ക്ഷീരവികസന മേഖല -ചെലവ് തൃപ്തികരമല്ല | |
| | | 2014-15 (പ്ര.ക്ഷ.റി.) | 5.7.3 | പദ്ധതി നടത്തിപ്പിൽ മൃഗസംരക്ഷണ കർമ്മ സമിതി രൂപീകരിച്ചിട്ടില്ല | |
| | | 2014-15 (പ്ര.ക്ഷ.റി.) | 5.7.6 | " " | |
| | | 2014-15 (പ്ര.ക്ഷ.റി.) | 5.7.8 | തൊഴുത്ത് നിർമ്മാണം തുക ചെലവഴിച്ചില്ല | |
| | | 2014-15 (പ്ര.ക്ഷ.റി.) | 5.7.12 | സംസ്ഥാന വിഹിതം ലഭ്യമാകുന്നതിൽ കാലതാമസം | |
| | | 2015-16 (പ്ര.ക്ഷ.റി.) | 4.2.2 | ഗുണഭോക്തൃ തെരെഞ്ഞെടുപ്പ് | |
| 2014-15 | 2-2 | 2016-17 | അനുബന്ധം -4 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 3-17 | 2016-17 | 4.2.1 | പുറമ്പോക്കുകൾ | |
| 2015-16 | 2-4 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | |
| 2016-17 | 2-2 | 2017-18 | 1.11.5 | വസ്തു നികുതിയിൽ നഷ്ടം | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

<u>(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 10,26,56,332 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 8,30,99,308 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ---- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,49,676 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 36,88,130 |

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 18210 | ശ്രീ.പി.പ്രദീപ് കുമാർ, അസി.എഞ്ചിനീയർ |
| 3-2 | | 27000 | ശ്രീമതി.പത്മാവതി, ഐ.സി.ഡി.എസ്, സൂപ്പർവൈസർ |
| 3-3 | | 5415 | ശ്രീ.ഇ.മുഹമ്മദ്, ഹെഡ്മാസ്റ്റർ |
| 3-4 | | 13320 | ശ്രീ.പി.പ്രദീപ് കുമാർ, അസി.എഞ്ചിനീയർ |
| 3-5 | | 15042 | ശ്രീ.എൻ.പി.സബീഷ്, വി.ഇ.ഒ |
| 3-6 | | 70689 | ശ്രീ.പി.പ്രദീപ് കുമാർ, അസി.എഞ്ചിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 600000 | ശ്രീമതി.കെ.ദേവി, അസി.സെക്രട്ടറി |
| 1-19 | 33130 | ഡോ.വി.സിൽവിയ,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 1-21 | 1155000 | ശ്രീമതി.റെജിമോൾ ജോർജ്ജ്,<br>ക്ഷീര വികസന ഓഫീസർ |
| 1-27 | 1900000 | ശ്രീ.പി.പ്രദീപ് കുമാർ,<br>അസി.എഞ്ചിനീയർ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.പ്രദീപ് കുമാർ,<br>അസി.എഞ്ചിനീയർ | റിട്ടയേർഡ് | കിഴക്കേടത്ത് വീട്,<br>കിഴക്കോത്ത്.പി.ഒ<br>കൊടുവള്ളി (വഴി)<br>കോഴിക്കോട് |
| ശ്രീമതി.പത്മാവതി,<br>ഐ.സി.ഡി.എസ്,<br>സൂപ്പർവൈസർ | മുക്കം മുനിസിപ്പാലിറ്റി | വെളുത്തേടത്ത് വീട്<br>ചൂലൂർ (പി.ഒ)<br>NIT (വഴി)<br>കോഴിക്കോട്-673601 |

| | | |
|---|---|---|
| ശ്രീ.ഇ.മുഹമ്മദ്,<br>ഹെഡ്മാസ്റ്റർ | റിട്ടയേർഡ് | ഇല്ലക്കണ്ടി വീട്,<br>കുമാരനെല്ലൂർ (പി.ഒ)<br>ആനയാംകുന്ന്<br>കോഴിക്കോട്-673602 |
| ശ്രീ.എൻ.പി.സബീഷ്,<br>വി.ഇ.ഒ | വി.ഇ.ഒ, തിരുവമ്പാടി<br>ഗ്രാമപഞ്ചായത്ത് | നെല്ല്യാപറമ്പത്ത് വീട്,<br>പുത്തൂർ, കൊടുവള്ളി<br>കോഴിക്കോട് |
| ശ്രീമതി.കെ.ദേവി,<br>അസി.സെക്രട്ടറി | സെക്രട്ടറി<br>തിരുവമ്പാടി ഗ്രാമപഞ്ചായത്ത് | കൊരളള്ളൂർ വീട്,<br>കൂടരഞ്ഞി (പി.ഒ)<br>കോഴിക്കോട്<br>–673604 |
| ഡോ.വി.സിൽവിയ,<br>മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ,<br>തിരുവമ്പാടി | ദീപ ഹൗസ്,<br>എണ്ണംപാലത്ത്,<br>ചേവായൂർ (പി.ഒ)<br>കോഴിക്കോട് |
| ശ്രീമതി.റെജിമോൾ ജോർജ്ജ്,<br>ക്ഷീര വികസന ഓഫീസർ | ക്ഷീര വികസന ഓഫീസർ, | പനത്തോട്ടത്തിൽ വീട്,<br>മീമുട്ടി (പി.ഒ)<br>കോടഞ്ചേരി (വഴി)<br>കോഴിക്കോട് –<br>673580 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നം. |
|---|---|---|---|
| 1988-89<br>1989-90 | കെ.എസ്.എ.കെ.കെ.ഡി.പി1/<br>837/2018/05.05.18 | 1 | 17 |

| | | | |
|---|---|---|---|
| 1990-91<br>1991-92 | കെ.എസ്.എ.കെ.കെ.ഡി.പി1 837/ 201/05.05.18 | 1 | 5 |
| 1999-00 | കെ.എസ്.എ.കെ.കെ.ഡി.പി1/837/ 2018/05.05.18 | 4 | 33,40,50,51 |
| 2000-01 | കെ.എസ്.എ.കെ.കെ.ഡി.പി1/837/ 2018/05.05.18 | 1 | 13(b) |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി.പി1/837/ 2018/05.05.18 | 2 | 30,35(2) |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.പി1/837/ 2018/05.05.18 | 8 | 2-1, 3-1, 3-2, 3-13, 3-14, 3-18, 3-20 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി1/837/ 2018/05.05.18 | 3 | 3-1,4-3, 4-4 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി.പി1/837/ 2018/05.05.18 | 1 | 3-3 |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി.പി1/837/ 2018/05.05.18 | 1 | 3-12 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി1/837/ 2018/05.05.18 | 10 | 2-6, 2-8, 2-9, 3-4, 3-9, 3-12, 3-13, 3-14, 3-15, 3-16 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി1/837/ 2018/ 05.05.18 | 15 | 2-3(4), 2-13, 3-4, 3-8, 3-9, 3-10, 3-12, 3-13, 3-14, 3-16, 3-17, 3-25, 3-26, 3-30, 3-34 |

| | | | |
|---|---|---|---|
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി1/837/ 2018/ 05.05.18 | 7 | 3-2,3-3, 3-5, 3-7, 3-10, 3-11,4-3 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി1/837/ 2018/ 05.05.18 | 4 | 3-1,3-2,3-3, 3-4 |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി.പി1/745/ 2017/ 15.05.17 | 15 | 1-1, 1-3, 2-4(1),(2), (3), 2-7, 3-2, 3-3, 3-4, -5, 3-6, 3-7, 3-8, 4-3, 4-7 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി.പി1/1555/14/ 31.10.14 | 23 | 1-3, 1-5, 1-6, 2-2, 2-3, 2-5, 2-8, 2-9, 2-11, 3-3, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 4-1, 4-2, 4-6, 4-7 |
| 2012-13<br>2013-14 | കെ.എസ്.എ കെ.കെ.ഡി.പി1/610/ 16/15.05.2017 | 25 | 1-5, 2-1(2), 2-2, 2-3, 3-1, 3-2, 3-3, 3-5, 3-8, 3-10, 3-12, 3-13, 3-14, 3-15, 3-17, 3-18, 3-20, 3-21, 3-22, 3-23, 3-24, 3-25, 3-26,3-27,3-30 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി. പി1/1772/ 2016/23.04.2018 | 11 | 2-1,2-2(2), 3-1, 3-2(1),3-5, 3-6, 3-7(1),(3), 4-9 |

| | | | |
|---|---|---|---|
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി1/549/ 2017/25.04.2018 | 16 | 2-1, 2-2, 2-5(1), 2-6(1), 3-4, (2),(3),(5), 3-5, 3-8, 3-12, 3-13(2), (3),(4), (5), 3-17, 3-19 |
| 2016-17 | കെ.എസ്.എ .കെ.കെ.ഡി.പി1/79/ 2018/25.04.2018 | 30 | 2-1(1), (3),(5), (6),(7), 2-4(1), 2-5(1), (2), 2-6, 3-1, 3-2(1), (2),3-3, 3-4,3-7, 3-9, 3-11, 3-12,3-13, 3-14(2), 3-15, 3-16, 3-17, 3-20, 3-21, 3-24, 3-25, 3-26, 4-9 |
| 2017-18 | കെ.എസ്.എ .കെ.കെ.ഡി.പി1/100/19/ 9.5.2019 | 20 | 1-10, 1-12, 2-1, 2-3, 2-4(1), 2-6 , 2-6(i), 3-4, 3-6, 3-7, 3-8, 3-9, 3-10, 3-12, 3-13, 3-14, 3-16, 3-17, 3-19, 3-20 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
കോഴിക്കോട്.

# **അനുബന്ധം.1**

## **ഓഡിറ്റ് സാക്ഷ്യപത്രം**

നം.കെ.എസ്.എ.കെ.കെ.ഡി.പി2/336/2020 തീയതി:23.04.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയരക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്